
# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

Vol. 15 / Issue 5
May 2024

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)





മാർ അഗസ്റ്റിൻ മഠത്തിക്കുന്നേൽ
ഖാണ്ഡ്വ രൂപതയുടെ ഇടയൻ
പ്രാർത്ഥനാശംസകൾ
മാനന്തവാടി രൂപതാ കുടുംബം
EPARCHY OF MANANTHAVADY


സീറോമലബാർ സഭ മേജർ ആർച്ചു ബിഷപ്പ്
മാർ റാഫേൽ തട്ടിൽ പിതാവ്
മാനന്തവാടി രൂപതയിൽ നടത്തിയ പ്രഥമ സന്ദർശനം

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 15 | മെയ് 2024 | ലക്കം 5**

**ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ**

# ഉള്ളടക്കം


| | |
|---|---|
| മെയ്ദിന സന്ദേശം................................................................. | 7 |
| രൂപതാ കച്ചേരി വാർത്തകൾ........................................................ | 12 |
| പ്രത്യേക ശ്രദ്ധയ്ക്ക്.......................................................................... | 16 |
| റിപ്പോർട്ട് - വൈദിക സമ്മേളനം.................................................. | 17 |
| റിപ്പോർട്ട് - പാസ്റ്ററൽ കൗൺസിൽ.............................................. | 20 |
| മതബോധനരംഗം .............................................................................. | 22 |
| ചെറുപുഷ്പ മിഷൻലീഗ്................................................................ | 26 |
| Department of Youth Ministry........................................................ | 32 |
| കെ.സി.വൈ.എം.......................................................................... | 34 |
| കുടുംബപ്രേഷിതത്വം...................................................................... | 38 |
| സീയോൻ വാർത്ത.............................................................................. | 49 |
| സാമൂഹ്യ സേവനരംഗം (WSSS)................................................... | 50 |
| ജീവസ് & കെ.എൽ.എം ............................................................ | 59 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി.......................................... | 61 |
| ബയോവിൻ അഗ്രോ റിസർച്ച്........................................................ | 66 |
| റേഡിയോ മാറ്റൊലി ........................................................................ | 69 |
| Mary Matha Arts & Science College........................................ | 71 |
| കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........................................... | 73 |
| ബിഷപ്സ് പ്രോഗ്രാം......................................................................... | 79 |

No.: 4010/K-5/KCBC/OL/DS 22.03.2024

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2024

*''തൊഴിലിനെയും തൊഴിലിന്റെ അന്തഃസ്സിനെയും നിഷേധിക്കുക എന്നതിനേക്കാൾ മോശമായ ഒരു ദാരിദ്ര്യാവസ്ഥയില്ല.*

*(ഫ്രാൻസിസ് പാപ്പ, ഫ്രത്തേലി തുത്തി 162)*

ക്രിസ്തുവിൽ പ്രിയമുള്ള സഹോദരീ സഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളി ദിനത്തിന്റെ സർവ്വവിധ മംഗളങ്ങളും എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ആശംസിക്കുന്നു. തൊഴിലാളി സമൂഹത്തോടുള്ള തിരുസ്സഭയുടെ പ്രത്യേക കരുതലിന്റെ പ്രതീകമെന്ന നിലയിൽ മെയ് ഒന്നിനു തന്നെയാണ് ആഗോള കത്തോലിക്കാസഭ തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആചരിച്ചുവരുന്നത്. നമ്മുടെ നാഥനും രക്ഷകനുമായിരുന്ന യേശുവും തൊഴിലാളിയായിരുന്നുവെന്നു (മാർക്ക് 6:3) നമുക്ക് ഓർക്കാം.

''ദൈവം നടത്തുന്ന സൃഷ്ടികർമ്മത്തിൽ മാത്രമല്ല, രക്ഷാകർമ്മത്തിലും തൊഴിലിലൂടെ മനുഷ്യർ പങ്കുചേരുന്നുവെന്നാണ്'' തിരുസ്സഭ പഠിപ്പിക്കുന്നത് (263, തിരുസ്സഭയുടെ സാമൂഹിക പ്രബോധനം - സംക്ഷേപം). തൊഴിലിനും തൊഴിലിന്റെ കർത്താവായ തൊഴിലാളിക്കും ഏറ്റവും ഉന്നതമായ സ്ഥാനമാണ് തിരുസ്സഭ കൽപ്പിച്ചനുവദിച്ചിട്ടുള്ളത്.

പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ തിരുസ്സഭയെ സിനഡൽ സഭയായി രുപപ്പെടുത്താനുള്ളശ്രമത്തിലാണ്. എല്ലാ വിശ്വാസികളുടെയും ഒത്തൊരുമയിലും പങ്കാളിത്തത്തിലും പ്രേഷിതത്വത്തിലും സജീവതയോടെ നിറഞ്ഞു നിൽക്കുന്നതാണ് സിനഡൽ സഭ. സിനഡൽ സഭയുടെ ആവിർഭാവത്തിനായി പരിശുദ്ധ പിതാവിന്റെ ഈ പ്രവർത്തനത്തിൽ എല്ലാ തൊഴിലാളികളും സജീവമായി പങ്കുചേരണമെന്നു ആഹ്വാനം ചെയ്യുന്നു.

സിനഡൽ സഭ രൂപപ്പെടുത്താനുള്ള അല്മായരുടെ സവിശേഷ പ്രവർത്തനമേഖലകളെയും രീതികളെയും സംബന്ധിച്ച് സിനഡ് സമ്മേളനത്തിന്റെ അവസാനം പുറത്തിറക്കിയ സിനർജി രേഖയിൽ ഇങ്ങനെ വിവരിക്കുന്നു. ''പൊതുനന്മയ്ക്കുവേണ്ടിയും, മനുഷ്യ ജീവിതത്തിന്റെ അന്തഃസ്സുയർത്തുന്നതിനുവേണ്ടിയുമുള്ള പ്രവർത്തനങ്ങളിൽ പ്രതിബദ്ധതയോടെ ഏർപ്പെടുക എന്നത് എല്ലാ ക്രൈസ്തവരുടെയും ചുമതലയാണ്. അതിനായി സഭയുടെ സാമൂഹിക സിദ്ധാന്തങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, ഒത്തൊരുമിച്ച് സമൂഹത്തിലെ സാമൂഹിക സന്നദ്ധ സംഘടനകൾ, ട്രേഡ് യൂണിയനുകൾ, ജനകീയ മുന്നേറ്റങ്ങൾ, ഗ്രാസ്റൂട്ട സംഘടനകൾ, രാഷ്ട്രീയമണ്ഡലം എന്നിങ്ങനെയുള്ള മേഖലകളിൽ അൽമായർ പ്രവർത്തനസജ്ജരാകണം'' (1, 4, g, സിനർജി ഡോക്കുമെൻറ് 28-10-2023) 'എല്ലാവർക്കും സാമൂഹിക നീതിയും അന്തഃസ്സുള്ള തൊഴിലും' എന്നതാണ് ഈ വർഷത്തെ മെയ്ദിന ചിന്താവിഷയം. നീതിനിഷ്ഠമായ സമൂഹം രൂപപ്പെടണമെങ്കിൽ ''അന്തസ്സുള്ള തൊഴിൽ'' എല്ലാവർക്കും ലഭ്യമാകണം. അന്താരാഷ്ട്ര തൊഴിൽസംഘടന (ILO) അന്തസ്സുള്ള തൊഴിലിനായുള്ള അജണ്ട പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏത് തൊഴിലിൽ ഏർപ്പെടുന്നവർക്കും ആവശ്യത്തിന് തൊഴിലും, തൊഴിൽ അവകാശങ്ങളും, സാമൂഹിക സുരക്ഷയും ലഭ്യമാക്കുക എന്നതാണ് അന്തഃസ്സുള്ള തൊഴിൽ എന്ന പദം കൊണ്ട് ഐ. എൽ. ഒ. ലക്ഷ്യം വയ്ക്കുന്നത്. അൻമ്പത്തഞ്ച് കോടിയോളം തൊഴിലാളികൾ ഇന്ത്യയിൽ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ 94 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. സംഘടനയില്ലാത്തവർ മാത്രമല്ല, അസംഘടിത തൊഴിലാളികൾ. പ്രത്യുത, തൊഴിൽ സംരക്ഷണം, നിയമപരിരക്ഷ, സാമൂഹിക സുരക്ഷ എന്നിവ ലഭ്യമല്ലാത്തവരാണ് ഇവർ. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇന്ത്യയിലെ തൊഴിലെടുക്കുന്നവരിലെ ബഹുഭൂരിപക്ഷവും ''അന്തസ്സില്ലാത്ത തൊഴിൽ'' ചെയ്യുന്നവരാണെന്നതാണ്. രാജ്യത്ത് നിതാന്തമായി തുടരുന്ന ദാരിദ്രത്തിന്റെ പ്രധാന കാരണം ബഹുജനങ്ങളുടെ തൊഴിലിന്റെ അസംഘടിതാവസ്ഥയാണ്.

ചെറുകിട കർഷകരും, കർഷകത്തൊഴിലാളികളും ഉൾപ്പെട്ടവരാണ് ഏറ്റവുംവലിയ തൊഴിൽ വിഭാഗം. നിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ഗാർഹികതൊഴിലാളികൾ, സ്വയം

തൊഴിലധിഷ്ഠിതർ തുടങ്ങി നൂറ്റിയിരുപത്തഞ്ചിൽ പരം തൊഴിൽ വിഭാഗങ്ങളെ സർക്കാർ ലിസ്റ്റ് ചെയ്തിട്ടുണ്ട്. സംഘടിത മേഖലയിലെ അസംഘടിത തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നുവെന്നത് സമകാലിക പ്രതിഭാസമാണ്. ജിഗ്‌വർക്കേഴ്സ്, പ്ലാറ്റ്ഫോം വർക്കേഴ്സ് തുടങ്ങിയവർ പുതിയ തൊഴിൽ വിഭാഗങ്ങളാണ്. 94 ശതമാനം വരുന്ന അസംഘടിത തൊഴിലാളികളിൽ 11 ശതമാനം പേരും സംഘടിത മേഖലയിലാണെന്നാണ് പുതിയ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നത്. അസംഘടിത തൊഴിലാളികളിൽ വലിയ വിഭാഗം കുടിയേറ്റതൊഴിലാളികളുമാണ്.

എല്ലാ അസംഘടിത തൊഴിലാളികൾക്കും അന്തസ്സുള്ള തൊഴിൽ ലഭ്യമാക്കേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയാണ്. എന്നാൽ ഈ വിഭാഗം എണ്ണത്തിൽ വലുതാണെങ്കിലും സുസംഘടിതരല്ലാത്തതിനാൽ വിലപേശൽ ശക്തി തീരെ കുറഞ്ഞവരാണ്. ആയതിനാൽ ഭരണാധികാരികളുടെയും, രാഷ്ട്രീയ നേതൃത്വത്തിന്റെയും ട്രേഡ് യൂണിയനുകളുടെയും ശ്രദ്ധപിടിച്ചുപറ്റി സമ്മർദ്ദശക്തി ആകാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഇതുമൂലം ഈ വിഭാഗം കൂടുതൽ അവഗണിക്കപ്പെടുകയും ദാരിദ്ര്യത്തിലേക്കും അരക്ഷിതാവസ്ഥയിലേക്കും നിപതിക്കുകയും ചെയ്യുന്നു. അജ്ഞതയും ആവശ്യമായ മാർഗനിർദ്ദേശ സംവിധാനങ്ങളുടെ അപര്യാപ്തതയും മൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചിട്ടുള്ള ചുരുക്കം ചില സാമൂഹിക സുരക്ഷാ പദ്ധതികളിൽ പോലും അംഗങ്ങളാകാൻ ഇവർ വിമുഖരാണ്. ഇതുമൂലം പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകാൻ ഇടയാകുന്നു. രാജ്യത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദരിദ്രജനവിഭാഗമായി അസംഘടിത തൊഴിലാളികൾ പരിണമിച്ചിരിക്കുന്നു. വിലക്കയറ്റം, പ്രകൃതിദുരന്തങ്ങൾ, കലാപങ്ങൾ എന്നിവയുടെ ആദ്യത്തെ ഇരകളായി ഈ വിഭാഗം മാറുന്നു.

'മനുഷ്യാന്തസും, സാമൂഹിക നീതിയുമാണ്' തിരുസ്സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ പ്രധാന അന്തസ്സത്ത. ''ഇക്കാലത്തെ മനുഷ്യരുടെ, വിശിഷ്യ ദരിദ്രരുടെയും പീഡിതരുടെയും സന്തോഷങ്ങളും പ്രതീക്ഷകളും, വ്യസനങ്ങളും ഉൽക്കണ്ഠകളും ക്രൈസ്തവരുടേതു കൂടിയായതു'' (സഭ ആധുനിക ലോകത്തിൽ 1) കൊണ്ടാണ് തിരുസ്സഭ തൊഴിലാളികളുടെ പ്രശ്ന

ങ്ങളിൽ തത്പരരായിരിക്കുന്നത്. ബേത്സൈഥാ കുളക്കരയിൽ ആരും സഹായിക്കാനില്ലാത്തതുമൂലം (യോഹ 5:7) നീണ്ടമുപ്പത്തെട്ടു വർഷക്കാലം ശയ്യാവലംബിയായ ഒരു രോഗിയെക്കുറിച്ച് സുവിശേഷത്തിൽ പറയുന്നുണ്ട്. ആ രോഗിയെത്തുന്നുണ്ട്. ആരെങ്കിലും സഹായിക്കാനെത്തും എന്നപ്രതീക്ഷയിൽ വർഷങ്ങളായി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിറുത്തപ്പെട്ടിരിക്കുന്ന അസംഘടിത തൊഴിലാളികളെ സഹായിക്കേണ്ടത് എല്ലാ ക്രൈസ്തവരുടെയും കർത്തവ്യമാണെന്ന കാര്യം വിസ്മരിക്കരുത്.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെന്റ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനുമായി പ്രവർത്തിച്ചുവരുന്നു. ഒരു സർക്കാരിതര സംഘടനയായ കെ എൽഎം ന്റെ ആഭിമുഖ്യത്തിൽ എട്ട്തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന- കേന്ദ്ര സർക്കാരുകളുടെ വിവിധ തൊഴിലാളിക്ഷേമനിധികളിൽ തൊഴിലാളികളെ അംഗങ്ങളാക്കിക്കൊണ്ട് അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാൻ ശ്രമിക്കുന്നു. സ്വയം സഹായ സംഘങ്ങൾ പോലെയുള്ള പ്രവർത്തനങ്ങൾ വഴി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ശ്രമിക്കുന്നു. സഭയുടെ നേതൃത്വത്തിലുള്ള വിദ്യാഭ്യാസ-സാമൂഹിക- അഗതീപരിപാലനം തുടങ്ങിയ എല്ലാ ശുശ്രൂഷകളുംപോലെ സഭയുടെ തൊഴിലാളി ശുശ്രൂഷയും എല്ലാവർക്കും വേണ്ടിയുള്ളതാണ്. അഖിലേന്ത്യാ തലത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള ഘടകമാണ് കെ എൽ എം.

സഭാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ രൂപപ്പെടുത്താനുള്ള നടപടികൾക്ക് വേണ്ട ഒത്താശ നൽകാനായി കെ സി ബി സി ചുമതലപ്പെടുത്തിയിരിക്കുന്നത് കെ എൽ എം നെയാണ്. ഇക്കാര്യങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ രൂപതകൾക്കും സന്യസ്ത സമൂഹങ്ങൾക്കും കെ. എൽ എം ലഭ്യമാക്കുന്നതാണ്.

1974 ലാണ് കേരള ലേബർ മൂവ്മെന്റ് പ്രവർത്തനം തുടങ്ങിയത്. ഈ വർഷം സുവർണ്ണജൂബിലി വർഷമാണ്. ലേബർ കോൺ

ക്ലേവ് - സെമിനാറുകൾ, വിവിധ ഇനം മത്സരങ്ങൾ തുടങ്ങിയ വ്യത്യസ്ത പരിപാടികൾ ജൂബിലിയോടനുബന്ധിച്ച് നടത്തുവാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. ജൂബിലി ആഘോഷങ്ങളുടെ സമാപനദിവസം എറണാകുളത്ത് നടക്കുന്ന റാലിയിലും പൊതു സമ്മേളനത്തിലും ഓരോ രൂപതാ ഘടകത്തിൽ നിന്നും പരമാവധി പ്രവർത്തകരെ പങ്കെടുപ്പിക്കേണ്ടതാണ്.

എല്ലാ ഇടവകകളിലും കെ. എൽ. എം ന്റെയും തൊഴിലാളി ഫോറങ്ങളുടെയും യൂണിറ്റുകൾ ആരംഭിക്കാൻ മുൻകൈ എടുക്കുവാൻ അഭ്യർത്ഥിക്കുന്നു. ഇടവകയിലെ എല്ലാ തൊഴിലാളികളെയും സാമൂഹിക സുരക്ഷാസംരക്ഷണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുള്ള പ്രത്യേക പദ്ധതി ജൂബിലി വർഷം പ്രമാണിച്ച് നടപ്പിലാക്കുന്നത് നല്ലതാണ്. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾക്കായുള്ള ദിവ്യബലി, സാമൂഹികസുരക്ഷാ കാമ്പെയ്ൻ, സെമിനാറുകൾ തുടങ്ങിയ വിവിധ പരിപാടികളോടെ മെയ്ദിനം എല്ലാ ഇടവകകളിലും സമുചിതമായി ആചരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ സ്വർഗീയ മാദ്ധ്യസ്ഥവും എല്ലാ തൊഴിലാളി സഹോദരങ്ങളുടെ മേൽ ഉണ്ടാകട്ടെയെന്നുപ്രാർത്ഥിച്ചുകൊണ്ട്, എല്ലാവർക്കും ഒരിക്കൽ കൂടി മെയ് ദിനാശംസകൾ നേരുന്നു.

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)
**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)
**ബിഷപ്പ് മാർ ജോർജ് മാത്തികണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)
പി. ഒ. സി. കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025.

---

NB: 2024 ഏപ്രിൽ 28 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

മെയ് 5ന് ബഹു തോമസ് ഒറ്റപ്ലാക്കൽ അച്ചന്റെ ഒന്നാം ചരമ വാർഷികവും, മെയ് 7 നു ബഹു. ജോസ് മുണ്ടയ്ക്കൽ അച്ചന്റേയും, മെയ് 9ന് ബഹു. ജോൺപുത്തൻപുര അച്ചന്റേയും, മെയ് 20 ന് ബഹു. ജോസഫ് തൊണ്ടിപറമ്പിലച്ചന്റെയും, മെയ് 27 ന് ബഹു. ജോസഫ് മേമന അച്ചന്റെയും, മെയ് 29 ന് ബഹു. ഫ്രാൻസിസ് ഞള്ളമ്പുഴ CMI അച്ചന്റെയും, ജൂൺ 3 ന് ബഹു. മാത്യു കൊല്ലിത്താനത്ത് അച്ചന്റെയും ചരമവാർഷികങ്ങൾ ആണ്. ഈ വൈദികരെ നമ്മുടെ വി. ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**വാർഷിക ധ്യാനം 2024**

ഈ വർഷത്തെ വാർഷിക ധ്യാനം ആദ്യബാച്ചിന്റേത് ആഗസ്ത് 26 മുതൽ 31 ഉച്ചവരെയും, രണ്ടാമത്തെ ബാച്ചിന്റേത് സെപ്റ്റംബർ 8 മുതൽ 13 ഉച്ചവരെയുമാണ്. ബഹു. വൈദികർ തീയതികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ധ്യാനം നയിക്കുന്നത് തലശ്ശേരി അതിരൂപതാംഗവും വചന പ്രഘോഷണ രംഗത്തും അതുപോലെ തന്നെ സാമൂഹ്യ വിഷയങ്ങളിലും സോഷ്യൽ മീഡിയയിലും സജീവ സാന്നിധ്യമായ ബഹു. ടോം ഓലിക്കരോട്ട് അച്ചനാണ്.

**വൈദികരുടെ സ്ഥലം മാറ്റം**

നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ സ്ഥലംമാറ്റം ഈ വർഷം മെയ് 18 ശനിയാഴ്ചയാണ്. മെയ് 19 ന് ഞായറാഴ്ച പുതിയ സ്ഥലങ്ങളിൽ ഉത്തരവാദിത്വം ഏറ്റെടുക്കണം. എല്ലാവരും വികാരിമാറ്റ റിപ്പോർട്ട് ഫോറം പൂരിപ്പിക്കണം എന്നോർമ്മിപ്പിക്കുന്നു. അടിയന്തിര ശ്രദ്ധ ആവശ്യമുള്ള കാര്യങ്ങൾ പുതുതായി ഉത്തരവാദിത്വം ഏറ്റെടുക്കുന്ന വൈദികൻ ശ്രദ്ധിക്കാനും കൂടുതൽ കാര്യക്ഷമമായി അജപാലന ശുശ്രൂഷ നിർവ്വഹിക്കാനും ഈ റിപ്പോർട്ട് സഹായകരമാകണം.

സ്ഥലം മാറി പോകുന്ന വികാരി അൽപം ത്യാഗപൂർവ്വം സമയം കണ്ടെത്തി ആ ഇടവകയിലെ സ്വന്തം അജപാലനാനുഭവ

ത്തിന്റെ വെളിച്ചത്തിലാണ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. പുതുതായി വരുന്ന വികാരിയും നടത്തു കൈക്കാരനും ഈ റിപ്പോർട്ടിൽ ഒപ്പുവച്ച് ഒരു 'കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കുകയും ഒരു കോപ്പി രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരികയും ചെയ്യുമല്ലോ'. പള്ളിയുടെ/സ്ഥാപനത്തിന്റെ പ്രധാന രേഖകൾ, ബാങ്കിടപാടുകൾ എന്നിവ കാലോചിതമായി പുതുക്കി സ്ഥലം മാറി വരുന്ന വൈദികനെ ഏൽപ്പിക്കേണ്ടതാണ്.

ദൈവമഹത്വത്തിനും ദൈവജനത്തിന്റെ നന്മയ്ക്കുമായി വിവിധ ശുശ്രൂഷാമേഖലകളിൽ പ്രവർത്തിച്ചശേഷം സ്ഥലം മാറുന്ന വിവിധ എല്ലാ ബഹു. വൈദികർക്കും പുതിയ സ്ഥലങ്ങളിൽ ധാരാളം ദൈവാനുഗ്രഹവും വിജയവും ആശംസിക്കുന്നു. ഇതുവരെയായിരുന്ന സ്ഥലങ്ങളിൽ അനുഷ്ഠിച്ചുകൊണ്ടിരുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. പുതിയ ചൈതന്യത്തോടും വർദ്ധിച്ച തീക്ഷ്ണതയോടും കൂടെ പുതിയ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ നല്ല ഇടയനായ ഈശോ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

അതോടൊപ്പം പുതിയ സ്ഥലത്തേയ്ക്കുള്ള നിയമന പത്രം അഭിവന്ദ്യപിതാവിൽ നിന്ന് സ്വീകരിക്കുവാൻ **ബഹു. വൈദികർ മെയ് 10 നു രാവിലെ ബിഷപ്സ് ഹൗസ്സിൽ എത്തിച്ചേരേണ്ടതാണ്.** സമയം ഓരോരുത്തരെയും അറിയിക്കുന്നതാണ്. ഓരോരുത്തരും പള്ളിയിൽ സൂക്ഷിക്കേണ്ട രേഖകളുടെ ഒരു ലിസ്റ്റ് കൊണ്ടുവരുകയും, താഴെപ്പറയുന്ന കാര്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു:

1. മാമ്മോദീസാ - സ്ഥൈര്യലേപന രജിസ്റ്റർ
2. ആദ്യകുർബ്ബാന രജിസ്റ്റർ
3. വിവാഹവാഗ്ദാന രജിസ്റ്റർ
4. വിവാഹ രജിസ്റ്റർ
5. ആത്മസ്ഥിതി പുസ്തകം
6. മരണര ജിസ്റ്റർ
7. കല്ലറ രജിസ്റ്റർ
   - കുടുംബ കല്ലറ മുൻകൂട്ടി പണം വാങ്ങിയത്
   - അതിൽ സംസ്കരിക്കപ്പെട്ട തീയതി, പേര്
   - കല്ലറ നമ്പർ, കല്ലറ പണംവാങ്ങിയ രസീത്
8. ഉഭയ കുർബ്ബാന (നിത്യകുർബ്ബാന) രജിസ്റ്റർ. ഇതിന്റെ പകർപ്പ് സങ്കീർത്തിയിലും സൂക്ഷിക്കണം. (രൂപതാ നിയമാവലി p.64)

9. വിവാഹം, മാമ്മോദീസാ തുടങ്ങിയ രജിസ്റ്ററുകളുടെ എല്ലാ കോളങ്ങളും യഥാസമയം പൂരിപ്പിച്ചു ഒപ്പു വയ്ക്കേണ്ടതാണ്. അവ കോടതി അംഗീകരിക്കുന്നതിനാൽ തീയതി, പേര് ഇവ തിരുത്തലുകളില്ലാതെ കൃത്യമായി എഴുതിയിരിക്കണം.
10. രൂപതാ കേന്ദ്രത്തിൽ നിന്നുള്ള കൽപ്പനകൾ, അനുവാദങ്ങൾ ഇവ പ്രത്യേകം ഫയലിൽ സൂക്ഷിക്കണം.
11. പൊതുയോഗത്തിന്റെയും പ്രതിനിധിയോഗത്തിന്റെയും മിനിറ്റ്സ് പുസ്തകം യഥാസമയം പൂർണ്ണമായി എഴുതി ഒപ്പുവച്ചതായിരിക്കണം.
12. നാൾ വഴി (ജേർണൽ)
13. വാർഷികതെരട്ട് പുസ്തകം
14. വിവാഹപരസ്യ പുസ്തകം
15. അറിയിപ്പ് പുസ്തകം
16. ദൈവവിളി രജിസ്റ്റർ (updated)
17. രൂപതാ ബുള്ളറ്റിൻ - പഴയവയെല്ലാം ബൈന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
18. ഗവൺമെന്റ്, മുൻസിപ്പാലിറ്റി, പഞ്ചായത്ത്, വില്ലേജ് തുടങ്ങിയവയുമായുള്ള അപേക്ഷകളും മറുപടികളും അടങ്ങുന്ന ഫയൽ.
19. കരങ്ങൾ അടച്ചവയുടെ രേഖകൾ; ഭൂനികുതി, കെട്ടിട നികുതി etc.
20. പള്ളി, പള്ളിമുറി, പാരിഷ്ഹാൾ തുടങ്ങിയവയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റുകൾ
21. സ്ഥലത്തിന്റെ ആധാരം / കോപ്പി, പട്ടയം etc.
22. ഓഡിറ്റ് റിപ്പോർട്ട് ഫയൽ
23. ഇടയ ലേഖനങ്ങൾ, സർക്കുലർ ഇവയുടെ ഫയൽ
24. സ്ഥാവര - ജംഗമ വസ്തുക്കളുടെ വിശദവിവരങ്ങളടങ്ങിയ പട്ടിക
25. പുരാതന വസ്തുക്കൾ ഉണ്ടെങ്കിൽ അവയുടെ ലിസ്റ്റ്
26. പള്ളിയുടെ നോട്ടീസുകളുടെ ഫയൽ
27. കുദാശകൾ മുടക്കപ്പെട്ടവരുണ്ടെങ്കിൽ അവരുടെ വിവരങ്ങൾ അടങ്ങിയ ഫയൽ
29. ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ അടങ്ങിയ ഫയൽ
30. 12 AB രജിസ്ട്രേഷനുമായിബന്ധപ്പെട്ട അപ്ഡേറ്റഡ് ഫയൽ

**N.B.** നിയമാവലി നമ്പർ 340ൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രത്യേകം ശ്രദ്ധിക്കുക: 'ഡിജിറ്റൽ രേഖകളുണ്ടെങ്കിലും ആത്മസ്ഥിതി പുസ്തകവും അനുബന്ധ ഖേകളും ഹാർഡ്കോപ്പി സൂക്ഷി ക്കേണ്ടതാണ്.

**തവിഞ്ഞാൽ ഇടവകക്ക് അഭിനന്ദനങ്ങൾ!**

തവിഞ്ഞാൽ ഇടവക ദൈവാരാധനയ്ക്കായി പണികഴിപ്പിച്ച മനോഹരമായ ദേവാലയം തവിഞ്ഞാൽ പ്രദേശത്തിനും മാനന്ത വാടി രൂപതയ്ക്കും അഭിമാനമാണ്. ബഹു. വികാരിയച്ചന്റെ നേതൃത്വ ത്തിൽ ഇടവകജനം ഒറ്റക്കെട്ടായി പ്രാർത്ഥിച്ചുകൊണ്ട് ത്യാഗപൂർവ്വം സഹകരിച്ചതിന്റെ ഫലമാണ് ഈ ദൈവാലയം. ഈ അവസര ത്തിൽ ദേവാലയ നിർമ്മിതിക്ക് നേതൃത്വം നൽകിയ ഇടവക വികാരി ബഹു. ആന്റോ മമ്പള്ളിൽ അച്ചനും, ബഹു. സിസ്റ്റേഴ്സിനും കൂടെ പ്രവർത്തിച്ച കൈക്കാരന്മാർക്കും ദേവാലയ നിർമ്മാണ കമ്മിറ്റി അംഗങ്ങൾക്കും ദൈവജനം മുഴുവനും രൂപതാ കുടുംബ ത്തിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഈ ദൈവഭവനം അനേ കരെ ദൈവത്തിങ്കലേക്കു അടുപ്പിക്കുന്നതിനും ദൈവാനുഗ്രഹം പ്രാപിക്കുന്നതിനും ഉപകരിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർ ത്ഥിക്കുകയും ചെയ്യുന്നു.

**ബിഷപ്പ് അലക്സ് താരാമംഗലം**
മാനന്തവാടി രൂപതാ സഹായ മെത്രാൻ

## പ്രത്യേകം ശ്രദ്ധിക്കുക

സ്നേഹമുള്ള അച്ചന്മാരെ,

നമ്മുടെ ഇടവകകളിലെ കണക്കുകൾ Comptes എന്ന ഓൺലൈൻ പ്ലാറ്റ് ഫോമിലാണല്ലോ ചെയ്യുന്നത്. ഇതിനോടകം എല്ലാ ഇടവകകളും ഇങ്ങനെ ചെയ്യാൻ തുടങ്ങി എന്നത് അഭിനന്ദനാർഹമാണ്. നിങ്ങളുടെ സഹകരണത്തിന് നന്ദി അറിയിക്കുന്നു. എല്ലാ മാസവും 20-ാം തീയതിക്കുള്ളിൽ തലേമാസത്തെ കണക്ക് ഓൺലൈനിൽ അപ് ലോഡ് ചെയ്ത് സബ്മിറ്റ് ചെയ്യണമെന്ന് Comptes പരിചയപ്പെടുത്തിയപ്പോഴും അതിന് ശേഷവും പല അവസരങ്ങളിലായി അറിയിച്ചിരുന്നു. ചില ഇടവകകൾ അങ്ങനെ സബ്മിറ്റ് ചെയ്യുന്നതായി കാണുന്നില്ല. അതുകൊണ്ട് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ആയതിനാൽ, മെയ് മാസം മുതൽ എല്ലാ മാസവും 25-ാം തീയതി ഓട്ടോമാറ്റിക് ആയി ലോക്ക് ആകുന്നതാണ്. അതുകൊണ്ട് എല്ലാ മാസവും 25-ാം തീയതിക്ക് മുമ്പ് തലേ മാസത്തെ കണക്ക് കോംപ്റ്റസിൽ അപ് ലോഡ് ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**ഫാ. ജോസ് കൊച്ചറയ്ക്കൽ**
പ്രൊക്കുറേറ്റർ, മാനന്തവാടി രൂപത

## അറിയിപ്പ്

പാറത്തോട്ടം എസ്.ഡി. കോൺവെന്റിനോട് ചേർന്ന് **SANTHI KENDRA** എന്ന പേരിൽ മാനസികമായി ബുദ്ധിമുട്ടനുഭവിക്കുന്ന സ്ത്രീകൾക്കായി Psycho - Social Rehabilitation Centre ആരംഭിച്ചിരിക്കുന്നു. മാനസിക പ്രശ്നങ്ങളുള്ളവരും ആരും നോക്കാനില്ലാത്തവരുമായ പാവപ്പെട്ട സ്ത്രീകളെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സ്ഥാപനം ആരംഭിച്ചിരിക്കുന്നത്.

ഈ സ്ഥാപനത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിയുവാൻ താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുക

**Sr. Rosana SD: 9072195175**
**SD Parathottam: 9061690985**

# റിപ്പോർട്ട് - വൈദിക സമ്മേളനം
## (2024 മാർച്ച് 14)

മാനന്തവാടി രൂപതാവൈദികരുടെ ഒരു സമ്മേളനം 2024 മാർച്ച് 14നു 10:30 നു ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. ബഹു. അഭിഷേക് കണ്ടത്തിൻകര അച്ചൻ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിനു മാനന്തവാടി രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് സ്വാഗതം ആശംസിച്ചു. നമ്മുടെ രൂപതാംഗവും ഖാണ്ഡ്വ രൂപതയുടെ പുതിയ മെത്രാനുമായ മാർ അഗസ്റ്റിൻ മടത്തിക്കുന്നേൽ പിതാവിനെയും, വൈദിക സമ്മേളനത്തിൽ പങ്കെടുക്കുന്ന നവ വൈദികരെയും എല്ലാവരുടെയും പേരിൽ അഭിവന്ദ്യ പിതാവ് സ്വാഗതം ചെയ്തു. വൈദികരായ നാം ആനുകാലിക പ്രശ്നങ്ങളിൽ കൂടുതലായി ഇടപെടേണ്ടതിന്റെ ആവശ്യകത വർദ്ധിച്ച് വരുന്ന ഒരു സാഹചര്യമാണ് ഉള്ളതെന്ന് സ്വാഗത പ്രസംഗത്തിൽ പിതാവ് അഭിപ്രായപ്പെട്ടു.

തുടർന്ന് മാർ അഗസ്റ്റിൻ മടത്തികുന്നേൽ പിതാവിന് ആശംസകൾ നേർന്നുകൊണ്ട് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് സംസാരിച്ചു. മറുപടി പ്രസംഗത്തിൽ എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ടും എല്ലാവരുടെയും പ്രാർത്ഥനകൾ യാചിച്ചുകൊണ്ടും അഭിവന്ദ്യ മടത്തിക്കുന്നേൽ പിതാവ് മെത്രാഭിഷേക ചടങ്ങുകളിലേക്ക് ഏവരെയും സ്വാഗതം ചെയ്യുകയും ചെയ്തു.

തുടർന്ന് രൂപതാ പ്രൊക്കുറേറ്റർ ബഹു. ജോസ് കൊച്ചറക്കൽ അച്ചൻ വാർഷിക കണക്കും ബഡ്ജെറ്റും അവതരിപ്പിക്കുകയും യോഗം അത് പാസാക്കുകയും ചെയ്തു. അനുദിനം മാറി വരുന്ന സാമ്പത്തിക നിയമങ്ങളെപ്പറ്റി അഭിവന്ദ്യ പിതാവും ജോസച്ചനും സംസാരിക്കുകയും ഇത്തരം കാര്യങ്ങളെപ്പറ്റി കൂടുതൽ ശ്രദ്ധാലുക്കളാകണം എന്ന് വൈദികരെ ഓർമ്മിപ്പിക്കുകയും ചെയ്തു.

തുടർന്ന് കോർപ്പറേറ്റ് വിദ്യാദ്യാസ ഏജൻസിയുടെ വാർഷിക കണക്കും ബഡ്ജറ്റും കോർപ്പറേറ്റ് മാനേജർ ബഹു. സിജോ ഇളംകുന്നപ്പുഴ അച്ചൻ അവതരിപ്പിക്കുകയും സംശയങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു.

എപ്പാർക്കിയൽ അസംബ്ലിയുടെ തുടർ പദ്ധതികളുമായി ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റി രൂപതാ വികാരി ജനറാൾ ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ അവതരിപ്പിച്ചു. വചനാധിഷ്ഠി

തമായ കുടുംബ നവീകരണ വർഷം, ബൈബിൾ അപ്പോസ്റ്റലേറ്റ് എന്നിവയുടെ ചർച്ച നടന്നു:

1. തിരുവചനം പഠിക്കുവാനും തിരുവചനം എല്ലാ ദിവസവും വായിക്കുവാനും പ്രോത്സാഹനം നൽകുന്ന തരത്തിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി വീഡിയോ സന്ദേശങ്ങൾ നിർമ്മിക്കുക, എല്ലാ ഞായറാഴ്ചയും മതബോധന കുട്ടികൾക്കായി 5 മിനിറ്റെങ്കിലും വചന വായന ക്രമീകരിക്കുക തുടങ്ങിയവ യോഗം ചർച്ച ചെയ്തു. രൂപതയിൽ വചനാധിഷ്ഠിത വർഷമായി പ്രഖ്യാപിക്കുവാനുള്ള അഭിപ്രായം ചർച്ചചെയ്യുകയും എല്ലാവരും ആ അഭിപ്രായത്തെ സ്വാഗതം ചെയ്യുകയും ചെയ്തു.

2. ഒരു ഇടവകയിൽ ആരംഭിക്കുന്ന അജപാലനപരമായ പദ്ധതികൾക്ക് തുടർച്ച ഉണ്ടാവുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണന്ന് ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ എപ്പാർക്കിയൽ അസംബ്ളിയുടെ ഒരു നിർദ്ദേശമായി യോഗത്തിൽ അവതരിപ്പിച്ചു.

രൂപതാ മൈനർ സെമിനാരി റെക്ടർ ബഹു. സജി നെടുംകല്ലേൽ അച്ചൻ ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഇതിനായി വൈദികർ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന സഹകരണത്തെപ്പറ്റിയും സംസാരിച്ചു. തുടർന്ന് രൂപതയുടെ മിഷൻ സംരംഭമായ പഞ്ചാബ് മിഷനെപ്പറ്റിയും അവിടുത്തെ മിഷൻ സാഹചര്യത്തെപ്പറ്റിയും സംസാരിച്ചു. കോട്ടെ ഇസെഖാൻ, ഹസ്തിവാല എന്നിവിടങ്ങളിൽ സ്ഥലം വാങ്ങുന്ന പ്രക്രിയ പുരോഗമിക്കുന്നുവെന്നും ഇതിനായി വലിയ ഇടവകൾ സാമ്പത്തികമായി സഹകരിക്കണമെന്നും ആവശ്യപ്പെട്ടു. മതബോധന വിദ്യാർത്ഥികൾ പഞ്ചാബ് മിഷനുവേണ്ടി എല്ലാ മാസവും സാമ്പത്തിക സഹായം നൽകുന്നതിനെ യോഗം പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

പിന്നീട് നടന്ന പൊതു ചർച്ചയിൽ കുടുംബങ്ങളിലുള്ളവരുടെ എണ്ണം കുറയുന്നതും വിശ്വാസ ജീവിതത്തിന്റെ തീക്ഷ്ണത കുറയുന്നതും, യുവാക്കളുടെ മറ്റു രാജ്യങ്ങളിലേക്കുള്ള ചേക്കേറൽ ഈ കാലഘട്ടത്തിൽ നമ്മൾ കൈക്കൊള്ളേണ്ട നടപടികൾ എന്നിവയെപ്പറ്റിയും ചർച്ച നടന്നു.

തുടർന്ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് സമാപന സന്ദേശം നൽകി. രൂപതയുടെ പൊതുവായ കാര്യങ്ങളെക്കുറിച്ചും അജപാലനപരമായ കാര്യങ്ങളെക്കുറിച്ചും പിതാവ് സംസാരിച്ചു.

അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് ഇടവക സന്ദർനം നടത്തുമ്പോൾ ഇടവകയിൽ തയാറാക്കി വെക്കേണ്ട ഫയലുകളെപ്പറ്റിയും എല്ലാ മാസവും 20-ാം തീയതിക്ക് മുൻപായി കണക്കുകൾ സബ്മിറ്റ് ചെയ്യണമെന്നതിനെപ്പറ്റിയും പിതാവ് ഓർമ്മിപ്പിച്ചു. ഭാവിയിൽ ഇടവകകൾ ട്രസ്റ്റായി രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത വന്നിരിക്കുകയാണെന്നും ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കൃത്യതയോടെ ലഭിക്കുന്ന മുറക്ക് അതുമായി മുന്നോട്ട് പോകേണ്ടിവരുമെന്നും പിതാവ് വിശദീകരിച്ചു. കൽപ്പറ്റയിൽ വന്യമൃഗ ശല്യത്തിനെതിരെ രൂപത സംഘടിപ്പിച്ച റാലിക്ക് നേതൃത്വം നൽകിയ എല്ലാ വൈദികർക്കും നന്ദി അറിയിക്കുകയും ചെയ്തുകൊണ്ട് അഭിവന്ദ്യ പിതാവ് പ്രസംഗം സമാപിപ്പിച്ചു. തുടർന്ന് വന്യമൃഗ ശല്യത്തിനെതിരെയുള്ള പ്രമേയം പാസാക്കുകയും രൂപതാ സിഞ്ചെല്ലൂസ് ബഹു. തോമസ് മണക്കുന്നേൽ അച്ചൻ യോഗത്തിന് നന്ദിപ്രകാശിപ്പിക്കുകയും 1:30 ന് യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസലർ

# റിപ്പോർട്ട് - പാസ്റ്ററൽ കൗൺസിൽ
## (2024 ഏപ്രിൽ 13)

മാനന്തവാടി രൂപതയുടെ 2024 ലെ ആദ്യത്തെ പാസ്റ്ററൽ കൗൺസിൽ യോഗം 2024 ഏപ്രിൽ 13 ന് ദ്വാരക കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ഹാളിൽ വെച്ച് ചേർന്നു. റവ. സി. ഫിലോ SCV യുടെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് യോഗത്തിന്റെ അജണ്ട വിശദീകരിച്ച് സ്വാഗതം ആശംസിച്ചു. തുടർന്ന് 2023-24 വർഷത്തെ വാർഷിക കണക്കും 2024 -25 വർഷത്തെ ബഡ്ജറ്റും രൂപതാ പ്രൊക്കുറേറ്റർ റവ. ഫാ. ജോസ് കൊച്ചറയ്ക്കൽ അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ വാർഷിക ബഡ്ജറ്റിനെ കുറിച്ച് ജോൺസൺ തൊഴുത്തുങ്കൽ, ജോയി ചാച്ചിറ, എം.സി സെബാസ്റ്റ്യൻ, സാലു അബ്രഹാം എന്നിവർ സംസാരിച്ചു. സെമിനാരി, വിയാനി ഭവൻ എന്നിവയ്ക്ക് ഫണ്ട് സ്വരൂപിക്കുവാൻ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്ത് ഒരു കമ്മറ്റിയെ നിയമിക്കുവാൻ തീരുമാനിച്ചു. തുടർന്ന് കണക്കും ബഡ്ജറ്റും യോഗം പാസ്സാക്കി.

എപ്പാർക്കിയൽ അസംബ്ലിയുടെ തുടർപ്രവർത്തനങ്ങൾ ബഹു. മോൺ പോൾ മുണ്ടോളിക്കൽ അച്ചൻ വിശദീകരിച്ചു. നീലഗിരി പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ സ്ഥാപനവും, കൗൺസിലിംഗ് സെന്ററിന്റെ പ്രവർത്തനവും, ജീവസിന്റെയും അസംഘടിത തൊഴിലാളികളുടെ ഇടയിലെ പ്രവർത്തനങ്ങളും പോൾ മുണ്ടോളിക്കൽ അച്ചൻ വിശദീകരിച്ചു. വചനാധിഷ്ഠിത കുടുംബനവീകരണ പദ്ധതി, മീഡിയ വഴിയുള്ള വചന സന്ദേശം, കുടുംബ സന്ദർശനം, ക്രൈസ്തവ സാംസ്കാരിക സന്നിവേശം, അനുരഞ്ജന സമിതികളുടെ രൂപീകരണം എന്നിവ ചർച്ച ചെയ്തു തീരുമാനിച്ചു. ചർച്ചയിൽ ബെന്നി ഇലഞ്ഞിക്കൽ, സിജി വർഗ്ഗീസ്, ജോയി ചാച്ചിറ, ഡോ. വി. ജെ സെബാസ്റ്റ്യൻ, റോഷ്നി ടീച്ചർ, ശ്രീമതി ബ്രില്ലി അഡ്വ. റെജിമോൾ ജോൺ, എം.സി സെബാസ്റ്റ്യൻ, അഡ്വ. ഷെബിൻ ജോർജ്ജ്, സുനിൽ സാർ, ക്രിസ്റ്റി കരുവള്ളിത്തറ, പോൾ കളരിക്കൽ എന്നിവർ സംസാരിച്ചു.

തുടർന്ന് പഞ്ചാബ് മിഷനെക്കുറിച്ച് ബഹു. ഫാ. സജി നെടുംകല്ലേൽ സംസാരിച്ചു. പഞ്ചാബ് മിഷന്റെ ഭാഗമായി പഞ്ചാബ് മിഷനിൽ പുതിയതായി സ്ഥലം വാങ്ങി പള്ളിമുറിയും പള്ളി ഷെഡും ഉണ്ടാക്കുവാൻ തീരുമാനിച്ചു.

മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിക്ക് മാനന്തവാടി രൂപത സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ സംഗ്രഹം ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി.

തുടർന്ന് പാസ്റ്ററൽ കൗൺസിലിൽ അവതരിപ്പിക്കുന്നതിന് വേണ്ടി അയച്ചുതന്ന ചർച്ചാവിഷയങ്ങളുടെ ചർച്ചയ്ക്ക് ശ്രീ. ജോസ് മാത്യു പുഞ്ചയിൽ നേതൃത്വം നൽകി. പൊതുചർച്ചയിൽ കോർപ്പറേറ്റ് മാനേജർ ഫാ. സിജോ ഇളംകുന്നപ്പുഴ, മതബോധന ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ, ജോയി ചാച്ചിറ, ബിജോ സാർ, ജിൽസ് മേക്കൽ, ജോസ് പള്ളത്ത്, ബിനു കപ്യാരുമല, എന്നിവർ അഭിപ്രായങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

യോഗത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് സമാപന സന്ദേശം നൽകി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുടെ നന്ദി പ്രസംഗത്തിന് ശേഷം നടന്ന രൂപതാ ഗാനത്തോടെ 2 മണിക്ക് യോഗം സമാപിച്ചു.

**ജോസ് മാത്യു പുഞ്ചയിൽ**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

## മതബോധനരംഗം

**വിശ്വാസപരിശീലന വർഷാരംഭം**

വിശ്വാസപരിശീലനം ഒരു കൂട്ടുത്തരവാദിത്വമാണ് എന്ന ബോധ്യത്തോടെ കഴിഞ്ഞ അധ്യയന വർഷം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. അടുത്ത അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുന്ന നമുക്ക് വിശ്വാസപരിശീലനം ഫലദായകമാകാൻ പ്രാർത്ഥിച്ചൊരുങ്ങാം. തുടക്കത്തിലേ തങ്ങൾക്ക് ലഭിക്കുന്ന മക്കളെ അറിഞ്ഞ് അവർക്ക് മാതൃകകളായി മാറുവാൻ വിശ്വാസപരിശീലകരായ നാം ശ്രദ്ധിക്കണം. തങ്ങൾക്ക് കിട്ടിയ വിശ്വാസനുഭവം കുട്ടികളുമായി പങ്കുവെക്കണം. ദൈവവചനമായ ക്രിസ്തുവിനെ കണ്ടെത്തുവാൻ അധ്യാപകർ വചനം വായിക്കുകയും, പഠിക്കുകയും, വചനാനുഭവത്തിൽ വളരുവാൻ കുട്ടികളെ ഒരുക്കുകയും വേണം. ഓരോ ക്ലാസിലും കുട്ടികൾ മനസ്സിലാക്കേണ്ട വിഷയങ്ങൾ ചിട്ടയോടെ നമ്മുടെ പാഠപുസ്തകങ്ങളിൽ ക്രമപ്പെടുത്തിയിട്ടുണ്ട്. അത് കുട്ടികളെ പഠിപ്പിക്കണം. അതുപോലെ ഒരു സഭാംഗം എന്ന നിലയിൽ തിരുസഭ നമുക്കായി നൽയിരിക്കുന്ന നമസ്കാരങ്ങളുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തി പഠിപ്പിക്കണം. നമ്മുടെ സഭയെക്കുറിച്ചുള്ള ആനുകാലിക അറിവ് കുട്ടികൾക്ക് പകർന്നു നൽകാൻ അധ്യാപകർ വായിച്ചൊരുങ്ങണം. നമ്മെ വിശുദ്ധീകരിക്കുന്ന കൂദാശകളുടെ പ്രാധാന്യം മനസിലാക്കി ജീവിക്കുവാൻ അധ്യാപകരും കുട്ടികളും ഒരുങ്ങണം. അങ്ങനെ വിശ്വാസാനുഭവത്തിൽ വളരുവാനും നിലനിൽക്കുവാനും നമുക്കേവർക്കും കഴിയട്ടെ.

നമ്മുടെ വിശ്വാസപരിശീലന ക്ലാസുകൾ 2024 മെയ് 26 ന് ആരംഭിക്കുകയാണ്. പാഠപുസ്തകം, ഉപപാഠപുസ്തകം എന്നിവ രൂപതാകേന്ദ്രത്തിൽ നിന്ന് വാങ്ങി അന്നുതന്നെ കുട്ടികൾക്ക് ലഭ്യമാക്കാൻ ശ്രദ്ധിക്കണം. കട്ടികൾക്ക് ക്ലാസ്സ്കയറ്റം നൽകുകയും സ്റ്റാഫ് മീറ്റിംഗ് കൂടി 2024-25 വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും വേണം.

**പ്രൊമോഷൻ**

2024 മെയ് 26 ന് ക്ലാസുകൾ ആരംഭിക്കേണ്ടതിനാൽ അതിനു മുൻമ്പായി കുട്ടികളുടെ ക്ലാസ്കയറ്റം സംന്ധിച്ച വിവരങ്ങൾ മെയ് 5–ാം തിയ്യതി നോട്ടീസ് ബോർഡിലൂടെ പ്രസിദ്ധീകരിച്ച് കുട്ടികളെ അറിയിക്കുമല്ലോ. സാധിക്കുന്നവർ പ്രൊമോഷൻ വെബ്സൈറ്റിൽ upload ചെയ്താൽ വരും വർഷങ്ങളിൽ എളുപ്പമാകും.

**പുതിയ അഡ്മിഷൻ**

ഒന്നാം ക്ലാസിലേക്കുള്ള കുട്ടികളുടെ മാതാപിതാക്കൾ ഫോമിൽ നല്കിയ വിവരങ്ങൾ വെബ്സൈറ്റിൽ upload ചെയ്ത് അഡ്മിഷൻ പൂർത്തിയാക്കി പ്രിന്റെടുത്ത് ഓഫീസിൽ സൂക്ഷിക്കണം. മറ്റു ക്ലാസിലേക്ക് അഡ്മിഷനെടുക്കുന്ന കുട്ടികളുടെ റ്റി. സിയും സൂക്ഷിക്കേണ്ടതാണ്.

പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകം മുതലായവ രൂപതാകേന്ദ്രത്തിൽ നിന്ന് വാങ്ങാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക. മെയ് 15 മുതൽ ബുക്കുസ്റ്റാളുകളിൽ ഇവ ലഭിക്കും.

ബുക്സ്റ്റാളിലെ ഫോൺനമ്പർ 9605260887, 9562464630

**Price List - 2024**

| Class | English | Text Malayalam | Upapadam |
|---|---|---|---|
| Kids | - | 60 | - |
| I -III | 60 | 40 | 50 (1- IV) |
| IV- IX | 70 | 60 | 60 |
| X | 70 | 60 | 90 |
| XI- XII | 70 | 60 | 120 |

| | |
|---|---|
| Manna | 35 |
| Progress Card | 15 |
| Promotion List | 2 |
| Admission Form | 1 |
| Namaskarangal | 15 |
| Attendence Register - Teachers | 10 |
| Attendence Register - Students | 30 |

**ആമുഖ സെമിനാർ, ക്ലാസ് ട്രെയിനിംഗ്**

2024-25 അധ്യയനവർഷത്തെ ആമുഖ സെമിനാറും, ക്ലാസ് ട്രെയിനിംഗും ജൂൺ മാസത്തിൽ നടത്തപ്പെടുന്നതാണ്. പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർ നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്. 11-ാം ക്ലാസിലെ പുസ്തകം മാറുന്നതു കൊണ്ട് എല്ലാ അദ്ധ്യാപകർക്കും പ്രത്യേകം ക്ലാസ് ട്രെയിനിംഗ് ഉണ്ടായിരിക്കും.

**HM Conference**

ഈ വർഷത്തെ ആദ്യത്തെ HM Conference മെയ് 25-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും. ഹെഡ്മാസ്റ്റേഴ്സ് കൃത്യസമയത്ത് എത്തുവാൻ ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം 25, 35 വർഷം വിശ്വാസപരിശീലന രംഗത്ത് സേവനം ചെയ്ത മതാധ്യാപകർ, ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഒരു ദിവസം പോലും മുടങ്ങാതെ ക്ലാസിൽ എത്തിയിട്ടുള്ള കുട്ടികൾ, DCT റാങ്ക് ഹോൾഡേഴ്സ് എന്നിവരെ ആദരിക്കുകയും ചെയ്യുന്നാണ്.

**പ്രധാനാധ്യാപകരുടെ നിയമനം**

പ്രധാനാധ്യാപകരുടെ കാലാവധി 5 വർഷമാണ്. കാലാവധി പൂർത്തിയാക്കുന്നവർ വികാരിയച്ചന്മാർക്ക് തൽസ്ഥാനത്തുനിന്ന് മാറുവാനുള്ള അപേക്ഷ നൽകണം. ഇടവകയിലെ മതബോധന പ്രവർത്തനങ്ങളെ നയിക്കുവാൻ കാലാവധി പൂർത്തിയാക്കുന്നവരുടെ സേവനം വികാരിയച്ചൻ ആവശ്യപ്പെടുന്നപക്ഷം അതിനു തനിക്ക് സാധ്യമാണെന്നു ബോധ്യമുള്ളവർ മാത്രമേ അതേറ്റെടുക്കാവൂ. അതുപോലെ ഈ മഹത്തായ ഉത്തരവാദിത്തം നിറവേറ്റാൻ തങ്ങൾക്ക് സാധിക്കില്ലെന്ന് തോന്നുന്നവർ കാലാവധി പൂർത്തിയായില്ലെങ്കിലും വികാരിയച്ചനെ മുൻകൂട്ടി അറിയിച്ച് ആ സ്ഥാനത്തുനിന്ന് മാറേണ്ടതാണ്. ഏതെങ്കിലും പ്രധാനാദ്ധ്യാപകർ തൽ സ്ഥാനത്തുനിന്ന് മാറുന്നുണ്ടെങ്കിൽ ബഹു. വികാരിയച്ചൻ പുതിയ അദ്ധ്യാപകനെ ആ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത് അവരുടെ പേരും വാട്സാപ്പ് നമ്പറും രൂപതാ മതബോധന കേന്ദ്രത്തിൽ അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ. തൽസ്ഥാനത്തുനിന്ന് മാറുന്നവർ പുതുതായി ചാർജെടുക്കപ്പെടുന്നവരെ ഉത്തരവാദിത്വങ്ങൾ ഏല്പിക്കേണ്ടതാണ്.

മാനന്തവാടി രൂപത മതബോധന കേന്ദ്രം കാലിക്കറ്റ് യൂണിവേഴ്സ്സിറ്റി ചെയർ ഫോർ ക്രിസ്ത്യൻ സ്റ്റഡിസുമായി അഫിലിയേറ്റ് ചെയ്ത് നടത്തുന്ന DCT (Diploma in Catechesis for Teachers) 2019 – 21 & 2020 – 22 റിസൾട്ട് പ്രസിദ്ധീകരിച്ചു.

**റാങ്ക് ജേതാക്കൾ 2019 –21 ബാച്ച്**

1. നിമി ജോസ് കുര്യൻപറമ്പിൽ - പാതിരിപാടം
2. മിജ ജോസഫ് കീഴേത്ത് - തലഞ്ഞി
3. ജെർലിൻ ട്രീസ ജോർജ് - ആറാട്ടുതറ

2019 ബാച്ചിലെ തെരഞ്ഞെടുക്കപ്പെട്ട ഏറ്റവും നല്ല പ്രൊജക്റ്റ് - ദിൽന ആന്റണി - ബത്തേരി

**2020 – 22 റാങ്ക് ജേതാക്കൾ**

1. സി. റിറ്റി FCC
2. സി. അനു സെബാസ്റ്റ്യൻ FCC, സി. മോളി ജോസ് SKD
3. സൂസൻ മാനുവൽ - എടപ്പെട്ടി

2020 ബാച്ചിലെ തെരഞ്ഞെടുക്കപ്പെട്ട ഏറ്റവും നല്ല പ്രൊജക്റ്റ്- സൂസൻ മാനുവൽ എടപ്പെട്ടി.

വിജയികൾക്ക് 25/05/2024 ന് ശനിയാഴ്ച നടക്കുന്ന പ്രധാനാധ്യാപകരുടെ സമ്മേളനത്തിൽ സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

**മാനന്തവാടി രൂപത തിരുബാല സഖ്യ ബൈബിൾ കലോത്സവം**

**ബത്തേരി:** മാനന്തവാടി രൂപത തിരുബാല സഖ്യ ബൈബിൾ കലോത്സവം ബത്തേരി അസംപ്ഷൻ സ്കൂളിൽ വച്ച് നടന്നു. രൂപതാ തലമത്സരത്തിൽ 600 പരം കുഞ്ഞുങ്ങൾ പങ്കെടുത്തു. കലാ മത്സരത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ബത്തേരി മുൻസിപ്പൽ കൗൺസിലർ ടോം ജോസ് ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി റവ. ഫാ. ജോസഫ് പരുവുമ്മേൽ സമ്മാനദാനം നിർവഹിച്ചു. ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ പ്രസിഡന്റ് ശ്രീ. ബിനീഷ് തുമ്പിയാംകുഴി അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡണ്ട് രഞ്ജിത്ത് മുതുപ്ലാക്കൽ സംസാരിച്ചു. കലോത്സവത്തിൽ ബത്തേരി മേഖലയും ബത്തേരി ശാഖയും ചാമ്പ്യന്മാരായി. ശാഖ തലത്തിൽ അമ്പലവയൽ ഇടവകയും, കൊട്ടിയൂർ ഇടവകയും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. മേഖലാതലത്തിൽ ചുങ്കക്കുന്ന് മേഖലയും, മണിമൂളി മേഖലയും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുകയുണ്ടായി. സെക്രട്ടറി തങ്കച്ചൻ മാപ്പിളകുന്നേൽ, വൈസ് ഡയറക്ടർ സിസ്റ്റർ അനിലിറ്റ് എസ് എ ബി എസ്, മേഖലാ പ്രസിഡണ്ട് സാജൻ, ആൻസിബിൾ, അലൻ, ജോസ് മങ്കൂട്ടം, അനീറ്റ, അജീറ്റ , ജോൺ പുല്ലപള്ളി, സി. സിൽവിയ എഫ്. സി. സി, ജോമോൻ മണപ്പാട്ട്, ജോമോൻ മേക്കൽ എന്നിവർ നേതൃത്വം വഹിച്ചു.

**ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതാവാർഷികം**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതാ വാർഷികാഘോഷം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഏപ്രിൽ 10-ന് നടന്നു. ദ്വാരക വി. അൽഫോൻസാ ദൈവാലയത്തിൽ നിന്നും ആരംഭിച്ച പ്രേഷിതറാലിക്ക് ഫാ. ജോർജ്ജ് മാമ്പള്ളി ഫ്ളാഗ് ഓഫ് നിർവ്വഹിച്ചു. നൂറ് കണക്കിന് മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്ത വാർഷികാഘോഷം മാനന്തവാടി രൂപത സഹായ മെത്രാൻ മാർ. അലക്സ് താരാമംഗലം ഉദ്ഘാടനം ചെയ്തു. പ്രശസ്ത വയലിനിസ്റ്റും ലണ്ടൻ ട്രിനിറ്റി കോളേജിൽ നിന്നും വയലിനിൽ ഫെലോഷിപ്പ്

കരസ്ഥമാക്കിയ ആദ്യത്തെ കേരളക്കാരിയും നാലാമത്തെ ഇന്ത്യക്കാരിയുമായ കുമാരി മാർട്ടിന ചാൾസ് മുഖ്യാതിഥി ആയിരുന്നു. രൂപതാ പ്രസിഡന്റ് ശ്രീ. ബിനീഷ് തുമ്പിയാംകുഴിയിൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ, സംസ്ഥാന ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, ഫാ. ബാബു മൂത്തേടത്ത്, സംസ്ഥാന പ്രസിഡന്റ് രജ്ജിത്ത് മുതുപ്ലാക്കൽ, സി. അനിലിറ്റ് എസ്.എ ബി.എസ്, സി. ജോൺസി എസ്.സി. വി, രൂപതാ സെക്രട്ടറി തങ്കച്ചൻ മാപ്പിളക്കുന്നേൽ, രൂപതാ ഓർഗനൈസർ ടോണി ചെമ്പോട്ടിക്കൽ, പ്രോഗ്രാം കൺവീനർ സാജൻ പേരക്കോട്ടിൽ, കുമാരി സാന്ത്വന ചന്ദനപറമ്പിൽ, കുമാരി അനിറ്റ കുരിശിങ്കൽ, കുമാരി അജീറ്റ കന്നുകെട്ടിയിൽ, കുമാരി ആര്യ കൊച്ചുപുരയ്ക്കൽ, ജോസ് മാങ്കൂട്ടം, സി. ജോൺസി എന്നിവർ നേതൃത്വം നൽകി.

**ശാഖാ ക്യാമ്പ്**

കുറുമ്പാലകോട്ട ഇടവകയിൽ ഏപ്രിൽ 3 ന് സി. പ്രശാന്തി എം എസ്.എം. ഐ, സി. റെജിൻ എം .എസ്. എം. ഐ ഇവരുടെ നേതൃത്വത്തിൽ ദൈവവിളി സെമിനാർ നടന്നു.

**മേഖല ക്യാമ്പുകൾ**

ഏപ്രിൽ 12-13 തീയ്യതികളിൽ മുള്ളൻകൊല്ലി മേഖല ക്യാമ്പ് കബനിഗിരി ശാഖയിൽ വച്ചു നടന്നു. 105 കുട്ടികൾ പങ്കെടുത്ത ക്യാമ്പിന് ഫാ. ഡൊമിനിക്ക് വളകുടിയിൽ, ഫാ. റിൻസൺ നെല്ലിമല എന്നിവർ നേതൃത്വം നല്കി.

**ചുങ്കക്കുന്ന് മേഖല**

ഏപ്രിൽ 16-17 തീയ്യതികളിൽ ചുങ്കക്കുന്ന് മേഖല ക്യാമ്പ് 85 കുട്ടികളോടെ ചുങ്കക്കുന്ന് ശാഖയിൽവച്ചു നടത്തുകയുണ്ടായി. ജോൺസൺ വടക്കേക്കര, ജിജിൽ കിഴക്കരക്കാട്ട്, സി. സിൽവിയ FCC, മരിയ വലിയവീട്ടിൽ എന്നിവർ നേതൃത്വം നല്കി. പങ്കെടുത്തവർക്കും നേതൃത്വം നല്കിയവർക്കും നന്ദി.

**2024 മിഷൻ ക്യമ്പ്**

ഈ വർഷത്തെ മിഷൻ ക്യാമ്പ് മാണ്ഡ്യരൂപതയിൽ വച്ച് മെയ് 4, 5, 6 തീയ്യതികളിൽ. മേഖലകളിൽ നിന്നും ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിയ്ക്കും പങ്കെടുക്കാം . 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്നവരാണ് വരേണ്ടത്.

**വാർഷിക മാനേജിംങ് കമ്മിറ്റി**

2023-2024 ലെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും വരും വർഷങ്ങളിൽ മിഷലീഗിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വാർഷിക മാനേജിംങ് കമ്മിറ്റി 2024 മെയ് 12 -ന് 2 pm മുതൽ 4.30 pm വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. മേഖല ഭാരവാഹികൾ എല്ലാവരും പങ്കെടുക്കുമല്ലോ.

**ശാഖാ ഇലക്ഷൻ**

എല്ലാ ശാഖയിലും ശാഖാ ഇലക്ഷൻ മെയ് 26 ന് നടത്തുമല്ലോ.

**എയ്ഞ്ചൽ മീറ്റ്**

ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾക്കായി എയ്ഞ്ചൽ മീറ്റ് മെയ് 28-ന് ദ്വാരകയിൽ സംഘടിപ്പിക്കുന്നു. ആദ്യകുർബാന സ്വീകരിച്ച എല്ലാ കുട്ടികളെയും മീറ്റിംഗിൽ എത്തിക്കുമല്ലോ.

**നരിവാലമുണ്ട**

ശാഖയിൽ നവമാലിക ഡേയോട് അനുബന്ധിച്ച് പ്രാർത്ഥന നടത്തി. വി കൊച്ചുത്രേസ്യായുടെ ചരിത്രം കൊച്ചുമിഷനറി അനുഗ്രഹ ചെമ്പക്കര വായിച്ചു. വിവിധ പ്രതിഭകൾക്ക് സമ്മാനം നൽകി. വി. കൊച്ചുത്രേസ്യായുടെ ചിത്രം വിതരണം ചെയ്തു. ഡയറക്ടർ റവ. ഫാ. ബിജു ഉറുമ്പിൽ, HM ജോർജ് വാഴച്ചാലിൽ സാർ, മേഖലാ പ്രസിഡന്റ് ജിഷ കൊമ്പനാംതോട്ടത്തിൽ എന്നിവർ സംസാരിച്ചു. ജോ. ഡയറക്ടർ സി. നിതിന FCC, എക്സിക്യൂട്ടീവ് അംഗങ്ങൾ, മതാദ്ധ്യാപകർ എന്നിവർ നേതൃത്വം നൽകി. ഒപ്പം ചോക്കാടു അനാഥാലയത്തിലെ അന്തേവാസികൾക്ക് ഒരു നേരത്തെ ഭക്ഷണം നൽകി.

**കയ്യൂന്നി**

നോമ്പിന്റെ ചൈതന്യത്തിൽ കുട്ടികൾ പള്ളിയിൽ വരികയും വിശുദ്ധ കുർബാനയിൽ പങ്കുചേരുകയും ചെയ്തു. ലോക വനിതാ ദിനത്തിൽ എല്ലാ വനിതകളെയും ഓർത്ത് പ്രാർത്ഥിക്കുകയും അന്നേദിനം സെമിനാർ നടത്തപ്പെടുകയും ചെയ്തു. ലോക ജല ദിനത്തിന്റെ പ്രാധാന്യവും ഉൾക്കൊള്ളുന്ന വീഡിയോ കുട്ടികൾക്ക് ഗ്രൂപ്പിലേക്ക് ഷെയർ ചെയ്തു. കുട്ടികൾക്ക് ഇന്നത്തെ കാലത്ത് ഒളിഞ്ഞുകിടക്കുന്ന കെണികളെ കുറിച്ച് സെമിനാർ നടത്തപ്പെടുകയും ചെയ്തു.

**കൊട്ടിയൂർ**

മാനന്തവാടി രൂപതാ തിരുബാലസഖ്യ മത്സരത്തിൽ കൊട്ടിയൂർ ശാഖ മൂന്നാം സ്ഥാനം കരസ്ഥമാക്കി. പ്ലസ് ടു മതബോധന പരീക്ഷയിൽ രൂപതയിൽ പത്ത് റാങ്കിൽ ഇടം നേടിയ റീമ എലിസബത്ത് റോയി പാറയ്ക്കലിന് അഭിനന്ദനങ്ങൾ നേർന്നു.

**കൂന്നൂർ**

മിഷൻ ലീഗ് അംഗങ്ങൾ ബർലിയാർ മിഷൻ സ്റ്റേഷൻ സന്ദർശനം നടത്തി. കിടപ്പുരോഗിയായ ഒരു വ്യക്തിക്ക് ബെഡ് വാങ്ങി കൊടുത്തു. നിർദ്ധന കുടുംബങ്ങൾക്ക് ഭക്ഷണസാധനങ്ങൾ, വസ്ത്രങ്ങൾ പഠനസാമഗ്രികൾ എന്നിവ വിതരണം ചെയ്തു. ഇടവകാതിർത്തിയിൽപ്പെട്ട അക്രൈസ്തവ കുടുംബത്തിനു ചികിത്സാ സഹായമായി 2500 രൂപനൽകി. നാൽപതാം വെള്ളിയാഴ്ച ബർലിയാർ നിന്നും കുന്നൂരിലേക്ക് നടത്തിയ ദൃശ്യാവിഷ്ക്കരണ കുരിശിന്റെ വഴിയിൽ CML അംഗങ്ങൾ പങ്കെടുത്തു. HD Kote യെ സഹായിക്കാനായി കുട്ടികൾക്ക് നൽകിയ ചാരിറ്റി ബോക്സ് കളക്ട് ചെയ്തു.

**പാലാങ്കര**

ഇടവകയിലെ മുഴുവൻ കിടപ്പു രോഗികളെയും, പ്രായമായവരെയും ദേവാലയത്തിൽ കൊണ്ടുവന്ന് അവർക്കായി വി. കുർബാനയും കുമ്പസാരവും ശാഖാ ഡയറക്ടർ ഡൊമനിക് അച്ചന്റെ നേതൃത്വത്തിൽ നടത്തി. മിഷൻ ലീഗ് അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. പങ്കെടുത്ത 60 പേർക്കും വിഭവസമൃദ്ധമായ ഉച്ചഭക്ഷണവും, സമ്മാനവും നൽകി എല്ലാവരെയും തിരികെ അവരവരുടെ ഭവനങ്ങളിൽ എത്തിച്ചു. പാന വായന, നാല്പതാം വെള്ളിയാഴ്ചത്തെയും, ദുഖവെള്ളിയാഴ്ചത്തെയും കുരിശിന്റെ വഴികളിലെ പതിനാലു സ്ഥലങ്ങളും ലൈവ് ആയി അവതരിപ്പിക്കുന്നതിന് CML അംഗങ്ങൾ നേതൃത്വം നൽകി. തിരുബാലസഖ്യത്തിന്റെ രൂപതാ മേഖലാ വിജയികളെയും പങ്കെടുത്തവരെയും ഡയറക്ടറച്ചൻ സമ്മാനങ്ങൾ നൽകി അനുമോദിച്ചു. ജോ. ഡയറക്ടർ സി. സോജ SKD, പ്രസിഡണ്ട് ലിജോ തെക്കേമുറിയിൽ, ശാഖാ ഭാരവാഹികൾ.

**പുതിയിടംകുന്ന്**

പാവപ്പെട്ട ഒരു കുടുംബത്തിന് 2000 രൂപയുടെ ഭക്ഷണ കിറ്റ് മേടിച്ചു നൽകി. രോഗീ സന്ദർശനം നടത്തി. വസ്ത്രങ്ങൾ ശേഖരിച്ച് നൽകി. ഭവന സന്ദർശനം നടത്തി. ഈസ്റ്ററിനോട് അനുബന്ധിച്ച് കല്ലറ പണിയാൻ മിഷൻ ലീഗ് അംഗങ്ങൾ സഹായിച്ചു.

**പുതുശേരിക്കടവ്**

മതബോധനം പ്ലസ്വൺ, പ്ലസ് ടു, ക്ലാസുകളിൽ പഠിച്ച് പരീക്ഷയിൽ 100% വിജയം നേടിയ സി. എം. എൽ അംഗങ്ങൾക്ക് ചെറുപുഷ്പ മിഷൻ ലീഗ് ഇടവക കുടുംബം അഭിനന്ദനങ്ങൾ അർപ്പിച്ചു. കൂടാതെ നാല്പതാം വെള്ളിയാഴ്ച നടന്ന കുരിശിന്റെ വഴി പ്രാർത്ഥനയിൽ സി.എം.എൽ അംഗങ്ങൾ ഭക്തിനിർഭരമായി പങ്കുചേർന്നു. അതോടൊപ്പം തന്നെ ഇടവകയിലെ യൂണിറ്റ് തലത്തിൽ നടന്ന 11 ദിവസത്തെ കുരിശിന്റെ വഴിക്ക് തിരു ബാലസംഖ്യ അംഗങ്ങളും ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങളുമാണ് കുരിശിന്റെ വഴി പ്രാർത്ഥനയ്ക്ക് ബഹുമാനപ്പെട്ട പോളച്ചന്റെ നിർദ്ദേശപ്രകാരം നേതൃത്വം നൽകിയത് എന്നതും ഏറെ അഭിനന്ദനാർഹമാണ്. കൂടാതെ സ്കൂളിൽ, 10, പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ ഭവനങ്ങൾ അധ്യാപകർ സന്ദർശിച്ച് കുഞ്ഞുങ്ങൾക്ക് ആത്മധൈര്യവും പ്രാർത്ഥനകളും നേർന്നു. ഇടവക കുടുംബത്തിലെ സീനിയർ ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ പതിനാറാം മൈൽ ബസ്സ്റ്റാൻഡ് വൃത്തിയാക്കിത്. ഇടവകയിലുള്ള കിടപ്പ് രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു. ശാഖാ ക്യാമ്പ് *ജ്യോതിർഗമയ 2024* സമ്മർ ക്യാമ്പ് ഏപ്രിൽ 19, 20 തിയ്യതികളിലായി ഫാ. ഡൊമിനിക് വളക്കുടിയിൽ, ഫാ. റിൻസൺ നെല്ലിമലയിൽ എന്നിവരുടെ നേതൃത്വത്തിൽ അഞ്ചാംക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള നൂറോളം കുട്ടികൾക്കായി ക്യാമ്പ് നടത്തി.

**ചുങ്കക്കുന്ന് മേഖല**

മേഖലയുടെ അസിസ്റ്റന്റ് ഡയറക്ടറായി ഫാ. ക്ലിന്റോ പുലിക്കുന്നേൽ തെരഞ്ഞെടുക്കപ്പെട്ടു. മേഖല കുടുംബത്തിലേക്ക് സ്വാഗതം ചെയ്തു. മാനന്തവാടി രൂപത തിരുബാലസഖ്യ മത്സരത്തിൽ ചുങ്കക്കുന്ന് മേഖല രണ്ടാം സ്ഥാനം കരസ്ഥമാക്കി.

പ്രിയരേ, ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്രവർത്തന വർഷം അവസാനിക്കുമ്പോൾ ശാഖ, മേഖല തലങ്ങളിൽ നിന്നും രൂപ താ നേതൃത്വത്തിന് ലഭിച്ച സഹകരണത്തിനും, പ്രാർത്ഥന കൾക്കും ശാഖാ മേഖലാ ഭാരവാഹികൾക്ക് പ്രത്യേകം നന്ദി അറി യിക്കുന്നു. പുതിയ പ്രവർത്തനവർഷം ഏവർക്കും അനുഗ്രഹപ്രദ മാകട്ടെ എന്ന് ആശംസിച്ചുകൊണ്ട്,

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി. എം. എൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

**അഭിമുഖം**

വിശുദ്ധവാരത്തോടനുബന്ധിച്ച് ഓശാന ഞായർ മുതൽ ഉയിർപ്പ് തിരുനാൾ വരെ വ്യത്യസ്ത വിഷയങ്ങളെക്കുറിച്ചുള്ള അഭിമുഖം സംഘടിപ്പിച്ചു. കഴുതപ്പുറത്ത് സഞ്ചരിക്കുന്ന വിനീത രാജാവായ ക്രിസ്തു, പെസഹാ തിരുനാൾ ഈ കാലഘട്ടത്തിന് നൽകുന്ന സന്ദേശം, ക്രിസ്തുവിന്റെ മരണം - രക്ഷാകരം, യേശുവിന്റെ കല്ലറ സന്ദർശിക്കാനെത്തിയ സ്ത്രീകളുടെ ധൈര്യം, പരാജയങ്ങളുടെ തീരത്ത് കാവൽ നിൽക്കുന്ന ക്രിസ്തു എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കലും ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥിനി ഐറിൻമേരി സജിയും തമ്മിലുള്ള അഭിമുഖം നടത്തുകയും സാമൂഹ്യ മാധ്യമങ്ങൾ വഴി സംപ്രേക്ഷണം ചെയ്യുകയും ചെയ്തു.

**ലൈഫ് ട്രെയിനിംഗ് 2019**

ലൈഫ് ട്രെയിനിംഗ് 2019 ബാച്ചിന്റെ പരിശീലനം 2024 ഏപ്രിൽ 1 മുതൽ അഞ്ചുവരെ ദ്വാരക പാസ്റ്ററൽ സെന്ററിലും ബോയ്സ് ടൗൺ യൂത്ത് ട്രെയിനിംഗ് സെന്ററിലുമായി സംഘടിപ്പിക്കപ്പെട്ടു. 12 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. ഡൊണാൾഡ് കണിയാരം ഫിസിക്സ്, ഗണിതം വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകി. മിസ്റ്റർ ജെയിംസ് കൊട്ടിയൂർ ഇംഗ്ലീഷ് ഉപന്യാസം രചനയിൽ പരിശീലനം നൽകി. പ്ലസ്ടുവിലേക്ക് പ്രവേശിച്ച വിദ്യാർത്ഥികൾ കൂടുതൽ ഊർജ്ജസ്വലരായി. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി തോമസ് സി.എം.സി, കോർഡിനേറ്റർ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി എന്നിവരാണ് ക്യാമ്പിന് നേതൃത്വം കൊടുത്തത്.

**ലൈഫ് ട്രെയിനിങ് 2018 ബാച്ച്**

ലൈഫ് ട്രെയിനിംഗ് 2018 ബാച്ചിലെ 7 അംഗങ്ങൾ 2024 ഏപ്രിൽ 5 വെള്ളിയാഴ്ച വൈകുന്നേരം 3 മണി മുതൽ ഏപ്രിൽ 7 ഞായറാഴ്ച

രാവിലെ 10 മണി വരെ ബോയ്സ് ടൗൺ യൂത്ത് ട്രെയിനിങ് സെന്ററിൽ വച്ച് ഒന്നിച്ചു ചേർന്നു. പ്ലസ്ടുവിനു ശേഷം തങ്ങളുടെ ഉപരിപഠനത്തെക്കുറിച്ചുള്ള ചർച്ചകൾ നടത്തുകയും പ്രാർത്ഥിക്കുകയും ഷെയറിങ്ങ് നടത്തുകയും ചെയ്തു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ആൻസി തോമസ് സി.എം.സി, സി. ഡീന റോസ് സി.എം.സി എന്നിവരുടെ നേതൃത്വത്തിൽ ക്യാമ്പ് നടന്നു. ഉപരിപഠനത്തിനായി പോകുന്ന വിദ്യാർത്ഥികൾക്ക് പ്രാർത്ഥനാ മംഗളങ്ങൾ.

**ഡെയിലി ബ്രഡ്**

ലൈഫ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ദൈവവചനം ഉൾപ്പെടുത്തിക്കൊണ്ടുള്ള പോസ്റ്റർ തയ്യാറാക്കി അനുദിനം പ്രസിദ്ധീകരിക്കുന്നു. വചന പഠനത്തിനും വിശുദ്ധീകരണത്തിനും ഇത് സഹായമാകുന്നു. ലൈഫ് 2020 ബാച്ചിലെ ആൻ മരിയ അജിൻ ആണ് ഇതിന് നേതൃത്വം വഹിക്കുന്നത്.

**സുപ്രഭാതം**

ലൈഫ് ട്രെയിനിങ് 2019 ബാച്ചിലെ ജോസ്നാ പി ജോസഫിന്റെ നേതൃത്വത്തിൽ സുപ്രഭാതം എന്ന പേരിൽ അനുദിനം ഒരു സന്ദേശം വീഡിയോ ആയി നൽകി എല്ലാവരിലേക്കും എത്തിക്കുന്നു. ഇത് ഒത്തിരി പേർക്ക് ദിശാബോധം നൽകുന്നു. ജോസ്നക്ക് അഭിനന്ദനങ്ങൾ.

**ലൈഫ് ട്രെയിനിങ് പത്താം വർഷത്തിലേക്ക്**

ലൈഫ് ട്രെയിനിംഗിന്റെ പത്താം ബാച്ചിലേക്കുള്ള പുതിയ വിദ്യാർത്ഥികളുടെ പ്രവേശനം നടത്തി. 39 വിദ്യാർഥികൾ 21 ദിവസത്തെ താമസിച്ചുള്ള പരിശീലനത്തിനായി ബോയ്സ് ടൗണിലെ യൂത്ത് ട്രെയിനിങ് സെന്ററിൽ 2024 ഏപ്രിൽ മാസം ഏഴാം തീയതി മൂന്നുമണിയോടെ എത്തിച്ചേർന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ആൻസി തോമസ് സി. എം. സി എന്നിവരുടെ നേതൃത്വത്തിൽ പരിശീലനം നടന്നുകൊണ്ടിരിക്കുന്നു.

**സി. ആൻസി തോമസ് സി. എം. സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം

**സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്**

അവധിക്കാലത്ത് ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുന്നതിന് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെയും ചെറുപുഷ്പ മിഷൻ ലീഗിന്റെയും നേതൃത്വത്തിൽ എറണാകുളത്ത് പ്രവർത്തിക്കുന്ന Fluent Now Happy Learning- ന്റെ സഹകരണത്തോടെ സ്പോക്കൺ ഇംഗ്ലീഷ് ഓൺലൈൻ കോഴ്സുകൾക്ക് ആരംഭം കുറിച്ചു.

**ജന്മദിനാശംസകൾ**

അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് സംസ്ഥാന സെനറ്റ് അംഗങ്ങളായ ശ്രീ. ബിബിൻ ജോസ് പിലാപ്പിള്ളി, ശ്രീ. ടിബിൻ പാറക്കൽ, ശ്രീ ജസ്റ്റിൻ തെക്കേമുറിയിൽ, സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ആഷിഷ് കാവുങ്കൽ, കുമാരി അലീന ഇല്ലിക്കൽ, കുമാരി ലിജിതകരപ്പിള്ളിൽ എന്നിവർക്ക് ജന്മ-ദിനാശംസകൾ നേർന്നു.

**അഭിനന്ദനങ്ങൾ**

ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കലിന് അഭിനന്ദനങ്ങൾ അറിയിച്ചു.

**സ്വാഗതം**

കല്ലോടി മേഖല ഡയറക്ടറായി ചുമതലേറ്റ ഫാ. അജിൻ ചക്കാലക്കൽ, മണിമൂളി മേഖല ആനിമേറ്റർ ആയി ചുമതലയേറ്റ സി. ക്രിസ്റ്റീന കളത്തിപ്പറമ്പിൽ എസ്. എച്ച് എന്നിവർക്ക് സ്വാഗതം ആശംസിച്ചു.

**പത്രപ്രസ്താവന**

കണ്ണൂരിലെ വിവിധ ഭാഗങ്ങളായ അടയ്ക്കാത്തോട്, കൊട്ടിയൂർ എന്നീ പ്രദേശങ്ങളിൽ തുടർച്ചയായി കടുവകൾ ഇറങ്ങുന്നതിനെതിരെ കെ.സി.വൈ.എം മാനന്തവാടി രൂപതാ പത്രപ്രസ്താവനകൾ ഇറക്കി.

**പ്രതിഷേധം**

വയനാട് പൂക്കോട് വെറ്റിനറി കോളേജിൽ വിദ്യാർത്ഥി മരിച്ച സംഭവത്തിലും, അധ്യാപകർക്ക് ഈസ്റ്റർ ദിനത്തിൽ മൂല്യനിർണയ

ക്യാമ്പിൽ ഡ്യൂട്ടി നൽകിയതിലും  പ്രതിഷേധിച്ചു.

**ആശംസകൾ**

അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ നാമഹേതുക തിരുനാൾ, വനിതാദിന ആശംസകൾ, ഓശാന, ഈസ്റ്റർ ആശംസകൾ നേർന്നു. വിവാഹിതരായ കെ.സി.വൈ.എം മാനന്തവാടി രൂപതാ മുൻ ട്രഷററും സംസ്ഥാന സെനറ്റ് അംഗവുമായ ബിബിൻ പിലാപ്പിള്ളിൽ, കല്ലോടി ഇടവകാംഗമായ  അനുഷ കാട്ടാംകോട്ടിൽ എന്നിവർക്ക് ആശംസകൾ നേർന്നു.

**മേഖല വാർത്തകൾ**

**ദ്വാരക**

ലോക വനിതാ ദിനത്തോട് അനുബന്ധിച്ചു ദ്വാരക മേഖലയുടെ നേതൃത്വത്തിൽ 'തെരുവിൽ നഗ്നയാക്കപ്പെടുന്ന സ്ത്രീ 'എന്ന വിഷയത്തിൽ കവിത രചന മത്സരം നടത്തി വിജയികളെ തിരഞ്ഞെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**മക്കിയാട്**

പ്രവർത്തന വർഷവും യുവജനവർഷവും ഉദ്ഘാടനം ചെയ്തു. പുതിയ ഡയറക്ടർ ഫാ. അജിൻ ചക്കാലക്കലിനെ മക്കിയാട് യൂണിറ്റിലേക്ക് സ്വാഗതം ചെയ്തു. ഭവന സന്ദർശനം നടത്തി രോഗാവസ്ഥയിലായ ഒരു വ്യക്തിക്ക്  21000 രൂപ  ചികിത്സസഹായവും, ഭക്ഷ്യവസ്തുക്കളുടെ കിറ്റും നൽകി.

**നരിവാലമുണ്ട**

2024 പ്രവർത്തന വർഷ കർമ്മപദ്ധതി ആത്മ 24 പ്രകാശനവും, പ്രവർത്തന വർഷ ഉദ്ഘാടനവും കെ.സി.വൈ.എം മണിമൂളി മേഖലാ ഡയറക്ടർ ഫാ. ബിജു ഉറുമ്പിൽ നിർവ്വഹിച്ചു. നോമ്പുകാലത്തിൽ ഇടവകയിൽ പീഡാനുഭവ ക്വിസ് നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**തലഞ്ഞി**

ലഹരി വിമുക്ത ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. മലപ്പുറം വിജിലൻസ് CI Jyothindra Kumar  ക്ലാസ്  നയിച്ചു.

**പാലേമാട്**

വലിയ ശനിയാഴ്ച യുവജന സംഗമം നടത്തി, മലയാറ്റൂർ തീർത്ഥാടനവും, മലമ്പുഴ ടൂറും യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തി.

**മണിമൂളി**

ഫാ. തോമസ് മണക്കുന്നേൽ പ്രവർത്തന വർഷം ഉത്ഘാടനം ചെയ്തു. യൂണിറ്റിന്റെ നേതൃത്വത്തിൽ Together 2.O യുവജന സംഗമം നടത്തി. സംഗമത്തിൽ അഡ്വ. ബീന ജോസഫ് ക്ലാസ്സ് നയിക്കുകയും ചെയ്തു.

**ദ്വാരക**

വനിതാദിനത്തിൽ ഇടവകയിലെ വനിതകൾക്ക് പരിശുദ്ധ അമ്മയുടെ സംരക്ഷണ പ്രാർത്ഥന കാർഡ് തയ്യാറാക്കി വിതരണം നടത്തി. 'ഉണർവ് 2k24' എന്ന പേരിൽ യുവജന സംഗമം നടത്തി. കെ.സി.വൈ.എം മേഖലാ ഡയറക്ടർ ഫാ. നിഖിൽ ജോൺ ആട്ടുകാരൻ ഉദ്ഘാടനം ചെയ്ത് ക്ലാസ്സ് നയിച്ചു.

**കൊമ്മയാട്**

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകയിലെ യുവജനങ്ങൾക്കായി ESTELLA 2K24 എന്ന പേരിൽ യുവജന സംഗമം സംഘടിപ്പിച്ചു. അഡ്വ. ജിജിൽ ജോസഫ് സംഗമം ഉദ്ഘാടനം ചെയ്തു. യോഗത്തിന് ശേഷം അഡ്വ. ജിജിൽ ജോസഫ് സൈബർ ക്രൈംസ് എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു.

**കാരക്കാമല**

മാർച്ച് 3 നു യുവജന വർഷ ഉദ്ഘടനം നടത്തി. നിരവധി യുവജനങ്ങൾ പങ്കെടുത്തു.

**പുതുശ്ശേരിക്കടവ്**

കെ.സി.വൈ.എം 2024 പ്രവർത്തന വർഷത്തെ മാർഗരേഖ SEGNUM MAGNUM പ്രകാശനം ഡയറക്ടർ ഫാ. പോൾ ഇടയകൊണ്ടാട്ട് നിർവഹിച്ചു. ദേശീയ വാക്സിനേഷനത്തിൽ പടിഞ്ഞാറത്തറ കുടുംബാരോഗ്യ കേന്ദ്രത്തിലെ പബ്ലിക് ഹെൽത്ത് നേഴ്സ് ശ്രീമതി ഹസീന വാക്സിനേഷൻ ദിന സന്ദേശം നൽകി. യുവജനങ്ങൾ പതിനാറാം മൈൽ ബസ്റ്റോപ്പും ഗ്രോട്ടോയും ശുചീകരണം നടത്തി. അന്താരാഷ്ട്ര സന്തോഷ ദിനവുമായി ബന്ധപ്പെട്ട ഇടവകയിലെ മൂന്നു വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളുടെ ചിരിക്കുന്ന ചിത്രം വെച്ച് ക്യൂട്ട് ഫ്രെയിം മത്സരം നടത്തി. മാർച്ച് മാസത്തെ SPECCIO ഇടവക പാരിഷ് ന്യൂസ് ബുള്ളറ്റിൻ പുറത്തിറക്കി.

**തൃശ്ശിലേരി**

യൂണിറ്റിന്റെ പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും രൂപതാ പ്രസിഡന്റ് ജിഷിൻ മുണ്ടക്കതടത്തിൽ നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കെ. സി. വൈ. എം പയ്യമ്പള്ളി മേഖലാ ഡയറക്ടർ സജി പുതുക്കുളങ്ങര അച്ചനും രൂപതാ കോർഡിനേറ്റർ ജോബിൻ തടത്തിൽ ആശംസകൾ നേർന്നു. യൂണിറ്റ് പ്രസിഡന്റ് അമൽ അത്തിക്കൽ ഡയറക്ടർ ഫാ. പ്രകാശ് വെട്ടിക്കൽ, ജോയ്സ് പുൽപറമ്പിൽ മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. പൂക്കോട് വെറ്റിനറി കോളേജിലെ വിദ്യാർഥിയുടെ മരണത്തിൽ യൂണിറ്റ് മൗനാചരണവും പ്രതിഷേധവും നടത്തി. വനിതാ ദിനത്തിൽ ഇടവകയിൽ മധുരം വിതരണം ചെയ്തു. വല്യമ്മമാരുടെ ദിനത്തിൽ തൃശ്ശിലേരി ഇടവകയിലെ ചട്ടയും മുണ്ടും ഉടുക്കുന്ന അമ്മച്ചിമാരെ കെ.സി.വൈ.എം ഡയറക്ടർ ഫാ. പ്രകാശ് വെട്ടിക്കൽ പൊന്നാട അണിയിച്ച് ആദരിച്ചു.

**കയ്യൂന്നി**

ദു:ഖ വെള്ളിയാഴ്ച കുരിശിൻെറ വഴിയിൽ യുവജനങ്ങൾ നേതൃത്വം നൽകി. മേഖലാ ഫണ്ട് ശേഖരണത്തിന്റെ ഭാഗമായി ഇടവകയിൽ കൂപ്പൺ വിതരണം നടത്തി.

**റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

മാർച്ച് മാസം 23, 24, 25 തീയതികളിൽ മണിമൂളിയിൽ വച്ച് നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 40 പേരും ഏപ്രിൽ മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 85 പേരും പങ്കെടുത്തു. മെയ് മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 6,7,8,9 എന്നീ തീയതികളിലും, ജൂൺ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 8,9,10,11 എന്നീ തീയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

അമ്മമാർ വലിയ നോമ്പ് എടുത്തതിന്റെ ഭാഗമായി സ്വരൂപിച്ച തുക കൊണ്ട് ധനസഹായവും അർഹതപ്പെട്ടവർക്ക് ഭക്ഷണം കിറ്റും വിതരണം ചെയ്തു. അന്താരാഷ്ട്ര വനിത ദിനമായ മാർച്ച് എട്ടിന് രൂപതയിൽ വളരെക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് ഇപ്പോൾ വിശ്രമിക്കുന്ന സബീനമ്മയെ മീനങ്ങാടിയിലെ ആരാധനാ മഠത്തിൽ ചെന്ന് കണ്ട് പൊന്നാട അണിയിച്ച് ആദരിച്ചു. കേക്ക് മുറിച്ച് മധുരം പങ്കുവെച്ചു. സമ്പൂർണ്ണ ബൈബിൾ പാരായണത്തിന്റെ ഭാഗമായി മാനന്തവാടി രൂപത മാതൃവേദിയിലെ അമ്മമാർക്ക് വചന എഴുത്ത് മത്സരം സംഘടിപ്പിക്കുന്നതിന് വേണ്ടി പഠിക്കേണ്ട വചനഭാഗങ്ങൾ പിഡിഎഫ് ആയി അയച്ചു കൊടുത്തു. മാതൃവേദി രൂപത, മേഖല, ഇടവക പ്രവർത്തനങ്ങൾക്കുള്ള പണം സമാഹരിക്കുന്നതിനായി എല്ലാ ഇടവകകളിലും സമ്മാനകൂപ്പൺ വിതരണം ചെയ്തു. കേരള അക്കാഡമി ഓഫ് എഞ്ചിനീയറിംഗ്, കെ.കെ ടെക്ക് വാളാട്, ചേലയ്ക്കൽ ട്രേഡേഴ്സ് ഒണ്ടയങ്ങാടി എന്നിവർ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സമ്മാനങ്ങൾ സ്പോൺസർ ചെയ്തു. SSLC ,+1,+2 പരീക്ഷ എഴുതാൻ ഒരുങ്ങി കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി എല്ലാ ഇടവകകളിലും പ്രത്യേക പ്രാർത്ഥനകളും ജാഗരണ പ്രവർത്തനങ്ങളും നടത്തി. രൂപതാ ടീം അംഗങ്ങളുടെ നേതൃത്വത്തിൽ മേഖല ഭാരവാഹികളുടെ സംഗമം മേഖലാതലങ്ങളിൽ നടന്നു വരുന്നു. 30 വയസ്സിന് മുകളിലുള്ള അവിവാഹിതരുടെ പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ

എന്നിവ ശേഖരിച്ചു. മംഗളവാർത്ത ദിനമായ മാർച്ച് 25 പ്രൊലൈഫ് പ്രവർത്തകർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ഗർഭിണികളെ സന്ദർശിക്കുകയും ചെയ്തു. മാനന്തവാടി രൂപതയ്ക്ക് വേണ്ടി ദിവ്യകാരുണ്യ ആരാധനയും, കൗദാശിക ജീവിതത്തിൽ നിന്ന് അകന്നു കഴിയുന്നവർക്ക് വേണ്ടി ചെയിൻ റോസറിയും നടത്തി. വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനമായ മാർച്ച് 19ന് രൂപതയിലെ എല്ലാ ഇടവകകളിലും ജോസഫ് നാമധാരികളെ ആദരിക്കുകയും WhatsApp സന്ദേശം അയക്കുകയും ചെയ്തു. മേഖലകളിൽ മേഖലാതല കുരിശിന്റെ വഴി നടത്തി. ഓശാന തിരുനാളിലും വിശുദ്ധ വാരാചരണത്തിനും അമ്മമാർ സജീവമായി പങ്കെടുത്തു. ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ എല്ലാവരെയും അറിയിച്ചു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി.15 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് മെയ് 21.

**മേഖലാ വാർത്തകൾ**

**തരിയോട്**

തരിയോട് മേഖല തയ്യാറാക്കിയ 'ഫെലിസിറ്റ' എന്ന മാർഗരേഖ തരിയോട് ഫൊറോന വികാരി ഫാ. തോമസ് പ്ലാശനാൽ പ്രകാശനം ചെയ്തു. സോഷ്യൽ മീഡിയകളും അമ്മമാരും' എന്ന വിഷയത്തിൽ സെമിനാർ നടത്തി. രോഗീ സന്ദർശനം നടത്തി. മേഖലാതല കുരിശിന്റെ വഴി നടത്തി. SSLC,+1,+2 പരീക്ഷ എഴുതുന്ന കുട്ടികൾക്ക് വേണ്ടി മേഖലയിലെ അമ്മമാർ ചെയിൻ റോസറി നടത്തി. മാതൃത്വം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ ആശയ സമാഹരണം നടത്തി. ഏറ്റവും നല്ല പത്ത് ആശയങ്ങൾ രൂപതയിലേക്ക് അയച്ചു കൊടുത്തു. ആശയ സമാഹരണത്തിന് ഒന്നാം സമ്മാനം കുറുമ്പാല ഇടവകയിലെ ലിസി കൂവക്കലിന് ലഭിച്ചു. പരീക്ഷയ്ക്ക് ഒരുങ്ങുന്ന കുട്ടികൾക്ക് വേണ്ടി കുറുമണി ഇടവക ചെയിൻ റോസറിയും, നല്ല കാലാവസ്ഥയ്ക്ക് വേണ്ടി മഞ്ഞൂറ ഇടവക കരുണകൊന്തയും ചൊല്ലി പ്രാർത്ഥിച്ചു. വി. യൗസേപ്പ് പിതാവിന്റെ ഫീസ്റ്റ് ദിനമായ മാർച്ച് 19 ന് എല്ലാ ഇടവകകളിലും ജോസഫ് നാമധാരികളെ ആദരിച്ചു. കുടുംബങ്ങൾക്ക് വേണ്ടി മംഗളം ഇടവക തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. രൂപതയിൽ നിന്നും തന്ന സമ്മാന കൂപ്പൺ എല്ലാ ഇടവകകളിലും വിതരണം ചെയ്തു.

**പയ്യമ്പള്ളി**

50 നോമ്പ് ആചരിച്ചു. ജീവകാരുണ്യ പ്രവർത്തന ഭാഗമായി മേഖലാ ടീം കാട്ടിക്കുളത്ത് കരുണ ഭവൻ സന്ദർശിച്ചു. അവരോടൊത്ത് ചെലവഴിച്ച് ഭക്ഷണവും അവർക്ക് വേണ്ട സഹായങ്ങളും ചെയ്തു കൊടുത്തു. വനിതാ ദിനാചരണ ഭാഗമായി വിവിധ തലങ്ങളിൽ സേവനം ചെയ്യുന്ന രണ്ടു വ്യക്തികളെ (മേഖലാ പ്രസിഡന്റ്, രൂപത പ്രസിഡന്റ്)മേഖല ആദരിച്ചു.

**ബത്തേരി**

മേഖലയിലെ ഇടവക പ്രതിനിധികളുടെ നേതൃത്വത്തിൽ വിയാനി ഭവൻ സന്ദർശിക്കുകയും ഈസ്റ്റർദിന ഭക്ഷണം നൽകുകയും ചെയ്തു.

**ശാഖാ വാർത്തകൾ**

**കോട്ടത്തറ**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. മേഖലാതലത്തിൽ നടത്തിയ മാർഗരേഖ പ്രകാശനം ആനിമേറ്റേഴ്സ് സംഗമം, സെമിനാർ, എന്നിവയിൽ പങ്കെടുത്തു. വനിതാദിനത്തിൽ മുൻ മാതൃവേദി ഭാരവാഹികളെ ആദരിച്ചു. വി. യൗസേപ്പിതാവിന്റെ മരണ തിരുനാൾ പിതൃദിനമായി ആചരിച്ചു. രോഗീ സന്ദർശനം നടത്തി. പിടിയരി ശേഖരിച്ച് നടവയൽ ഓസാന ഭവനിൽ നൽകി. രൂപതയിൽ നിന്ന് കിട്ടിയ സമ്മാന കൂപ്പൺ അമ്മമാർക്ക് നൽകി. 30 വയസ്സ് കഴിഞ്ഞിട്ട് വിവാഹം കഴിക്കാത്ത യുവാക്കളുടെ പേര് വിവരങ്ങൾ രൂപതയ്ക്ക് നൽകി.

**മക്കിയാട്**

എക്സിക്യൂട്ടീവ് കൂടി. പുതിയ വികാരി ഫാ. അജിൻ ചക്കാലയ്ക്കൽ അച്ചനെസ്വീകരിച്ചു. രോഗീ സന്ദർശനം നടത്തി. ഈസ്റ്ററിനോടനുബന്ധിച്ച് ഒരു കുടുംബം സന്ദർശിച്ച് ഭക്ഷണസാധനങ്ങളും ചികിത്സയ്ക്ക് പൈസയും നൽകി.

**കളത്തുവയൽ**

എക്സിക്യൂട്ടീവ് കൂടി. മാർഗ്ഗരേഖ തയ്യാറാക്കി. ക്യാൻസർ രോഗിക്ക് 6000/- രൂപ ധനസഹായം നൽകി. കോളനിയിലെ ഒരു നിർധന കുടുംബത്തിന് ഭക്ഷ്യ കിറ്റ് നൽകി. രൂപതാ സംഭാവന കൂപ്പൺ വിറ്റഴിച്ചു. ഇടവകയിൽ ഏറ്റവും കൂടുതൽ മക്കളുള്ള ഒരു അമ്മയെ ആദരിച്ചു.

**പുതുശ്ശേരിക്കടവ്**

വനിതാദിനം ആചരിച്ചു. പ്രൊലൈഫ് ദിനത്തിൽ നാലുമക്കൾ ഉള്ള കുടുംബങ്ങളെ ടീം അംഗങ്ങൾ സന്ദർശിച്ച് മധുരം നൽകി. ജോസഫ് നാമധാരികളെ ആദരിച്ചു. ഓസ്സാനാം ഭവനിൽ 5000 രൂപ നല്കി സഹായിച്ചു.

**കബനിഗിരി**

യൗസേപ്പിതാവിന്റെ വണക്കമാസം ആചരിച്ചു. വനിതാദിനത്തിൽ ജനറൽ ബോഡി നടത്തി. ശിശുമലയിൽ വച്ച് നടന്ന കുരിശിന്റെ വഴിയിൽ യൂണിറ്റിൽ നിന്നും നാൽപതോളം പേര് പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനം പിതൃദിനമായി ആചരിച്ച് ജോസഫ് നാമധാരികളെ ആദരിച്ചു.

**നിലമ്പൂർ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മാതൃത്വം നേരിടുന്ന വെല്ലുവിളികൾ വിഷയത്തെ ആസ്പദമാക്കി മേഖല നടത്തിയ ആശയ സമാഹരണത്തിൽ എക്സിക്യൂട്ടീവ് അംഗമായ അനു രണ്ടാം സ്ഥാനം നേടി. രോഗി സന്ദർശനം നടത്തി. ആക്സിഡന്റ് ആയി കിടക്കുന്ന ഒരു കുടുംബനാഥനെ സന്ദർശിച്ച് ഭക്ഷണം ഉണ്ടാക്കി നൽകി. സാധനങ്ങൾ വാങ്ങുന്നതിനായി 3000 രൂപ നൽകി.

**ശിശുമല**

യൗസേപ്പിതാവിന്റെ വണക്കമാസം, വനിതാദിനം എന്നിവ ആചരിച്ചു. ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. ഈ വർഷം മരണപ്പെട്ടവരുടെ വീടുകൾ സന്ദർശിച്ച് കുരിശപ്പം നൽകി. ഈസ്റ്റർ കിറ്റ് കൊടുത്തു.

**തോമാട്ടുചാൽ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖലാ സമ്പൂർണ്ണ ബൈബിൾ പാരായണത്തിൽ പങ്കെടുത്തു. മലയാറ്റൂർ തീർത്ഥാടനം നടത്തി. പ്രോലൈഫ് ദിനാഘോഷത്തിൽ പങ്കെടുത്തു. പുതിയ യൂണിഫോം സാരി വിതരണം ചെയ്തു.

**മരകാവ്**

ഭിന്നശേഷിയുള്ള മകന്റെ അമ്മയെ വീട്ടിൽ പോയി ആദരിച്ചു. ശിശുമല കുരിശുമല കയറ്റത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് കൂടി. ദേവാലയവും പരിസരവും വൃത്തിയാക്കി. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. രോഗികളെ പരിചരിച്ച് സഹായം നൽകി. ചൊവ്വാഴ്ചകളിൽ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിനായി സഹായിച്ച് വരുന്നു. മരണം

മൂലം പെസഹാ ഇല്ലാത്ത വീടുകളിൽ അപ്പം എത്തിച്ച് നൽകി. നിർദ്ധന കുടുംബങ്ങൾക്ക് ഈസ്റ്റർ കിറ്റ് നൽകി. മേഖലയ്ക്ക് ഈസ്റ്റർ കിറ്റ് വിഹിതം നൽകി.

**മരക്കടവ്**

വി. യൗസേപ്പിതാവിന്റെ വണക്കമാസാചരണം നടത്തി. ജോസഫ് നാമധാരികളെ ആദരിച്ചു. *ഏലീശ്വാ സന്ദർശനം* നടത്തി. 5000 രൂപയുടെ ഈസ്റ്റർ കിറ്റ് വിതരണം നൽകി. മുള്ളൻകൊല്ലി മേഖലയുടെ നേതൃത്വത്തിൽ നടത്തിയ നാല്പതാം വെള്ളി കുരിശിന്റെ വഴിയിൽ പങ്കെടുത്തു. 2000 രൂപ രോഗീസഹായം നൽകി.

**ദ്വാരക**

വനിതാ ദിനത്തിൽ തയ്യൽ തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം ലഭിച്ച ജോയ്സി കാട്ടാംകോട്ടിലിനെ ആദരിച്ചു. മംഗളവാർത്ത തിരുനാൾ ദിനത്തിൽ ഇടവകയിലെ ഒരു ഗർഭിണിയുടെ ഭവനം സന്ദർശിച്ച് ഫലമൂലാദികൾ നൽകി ആശംസകൾ അർപ്പിച്ചു. യൂണിറ്റ് അടിസ്ഥാനത്തിൽ പുത്തൻപാന പാരായണ മത്സരം നടത്തി.

**പാടിച്ചിറ**

വനിതാദിനത്തിൽ ഭിന്നശേഷിയുള്ള മകളുടെ അമ്മയായ ബിന്ദുവിനെ ആദരിച്ചു. വസ്ത്രം നല്കി. ഭവന സന്ദർശനം നടത്തി. ഈസ്റ്ററിനു മൂന്നു കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് കൊടുത്തു. രണ്ട് കുടുബങ്ങൾക്ക് വസ്ത്രം വാങ്ങി നല്കി.

**വാകേരി**

വനിതാ ദിനത്തോടനുബന്ധിച്ച് ദേവാലയ പരിസരപ്രദേശത്ത് സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിർമ്മാർജനം നടത്തി. വി. യൗസേപിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ഇടവകയിലെ എല്ലാ പിതാക്കന്മാരെയും ആദരിച്ചു. കുടുംബങ്ങളിൽ നിന്ന് ഉപയോഗ്യമായ വസ്ത്രങ്ങൾ ശേഖരിച്ച് നിർദ്ധനരായവരെ സഹായിക്കുന്ന ബത്തേരിയിലുള്ള ഏയ്ഞ്ചൽസ് വസ്ത്രാലയത്തിലെ ഉടമകൾക്ക് കൈമാറി.

**അസംപ്ഷൻ**

വനിതാ ദിനത്തോടനുബന്ധിച്ച് 'ആരോഗ്യപരിപാലനവും മാനസിക ഉല്ലാസവും'എന്ന വിഷയത്തിൽ സെമിനാർ നടത്തി. യൂണിറ്റ് അടിസ്ഥാനത്തിൽ വീടുകൾ തോറും കുരിശിന്റെ വഴി നടത്തി. രോഗീ സന്ദർശനം നടത്തി. പുത്തൻപാന ധ്യാനത്തിൽ അമ്മമാർ പങ്കെടുത്തു. ദുഃഖവെള്ളിയാഴ്ച നേർച്ച കഞ്ഞി ഒരുക്കുന്നതിനും അമ്മമാർ പങ്കാളികളായി.

**മാർട്ടിൻ നഗർ**

വനിതാ ദിനം, പിതൃദിനം, പ്രോ ലൈഫ് ദിനം എന്നിവ ആച രിച്ചു. ഏലീശ്വാ സന്ദർശനം നടത്തി. രണ്ടാം ചൊവ്വാഴ്ച ഗവൺ മെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. സാമ്പത്തിക സഹായം നൽകി. വലിയ നോമ്പിന്റെ ഓഹരി ശേഖ രിച്ച് 4 കുടുംബങ്ങൾക്ക് ഈസ്റ്റർ കിറ്റ് നൽകി. പള്ളിയും പരിസ രവും വൃത്തിയാക്കി. ഹോസ്പിറ്റലിലും, ഭവനങ്ങളിലും രോഗി സന്ദർശനം നടത്തി.

**പാലാങ്കര**

വനിതാ ദിനത്തിൽ ജീവിതത്തിലെ കഷ്ടപ്പാടുകളെ അതി ജീവിച്ചു സ്വന്തമായി ഒരു സംരംഭം തുടങ്ങി വിജയിച്ച ഒരു വനി തയെ ആദരിച്ചു. തുവൂർ അഗതി മന്ദിരം സന്ദർശിച്ച് സഹായം നൽകി. സെമിത്തേരി, സൺഡേ സ്കൂൾ എന്നിവ വൃത്തിയാക്കി. മണിമൂളി ഫൊറോനാ തലത്തിൽ നാടുകാണിയിലേക്ക് നടത്തിയ കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

**കുറുമ്പാല**

ജനറൽ ബോഡി കൂടി. വനിതാദിനത്തിൽ 60-ാം വിവാഹ വാർ ഷികം ആഘോഷിക്കുന്ന ദമ്പതികളെ ആദരിച്ചു. രോഗി സന്ദർശനം നടത്തി. മേഖലാതരത്തിൽ നടത്തിയ ആനിമേറ്റഴ്സ് സംഗമത്തിൽ വനിതാദിനാചരണത്തിലും മാർഗരേഖ പ്രകാശനത്തിലും എക്സി ക്യൂട്ടീവ് അംഗങ്ങളും ആനിമേറ്ററും പങ്കെടുത്തു. യൗസേപ്പിതാ വിന്റെ തിരുനാൾ ദിനം പിതൃദിനമായി ആചരിച്ചു.

**നെടുമ്പാല**

ഫണ്ട് ശേഖരണാർത്ഥം അച്ചാർ, ചമ്മന്തിപ്പൊടി എന്നിവ ഉണ്ടാക്കി വിൽക്കുകയും ആ തുക ക്യാൻസർ രോഗികളെ സഹായി ക്കാൻ ഉപയോഗിക്കുകയും ചെയ്തു. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. ദുഃഖ വെള്ളിയാഴ്ച നേർച്ച ഭക്ഷണം ഉണ്ടാക്കുവാൻ സഹകരിച്ചു.

**മഞ്ഞൂറ**

കൽപ്പറ്റ ഗവ: ഹോസ്പറ്റലിൽ ഉച്ച ഭക്ഷണം തയ്യാറാക്കി കൊടുത്തു. നടവയൽ ഹോസാന ഭവൻ സന്ദർശിച്ചു.

**കയ്യുന്നി**

എക്സിക്യുട്ടീവ് കൂടി. വനിതാ ദിനത്തിൽ ക്ലാസ്സ്, സെമിനാർ, ജനറൽ ബോഡി എന്നിവ നടത്തി. ഇടവക ധ്യാനത്തിന് ഒരുക്കമായി വചന വായന, ചെയിൻ റോസറി എന്നിവ നടത്തി. കിടപ്പു രോഗി

കൾക്ക് ദിവ്യകാരുണ്യം ഭവനങ്ങളിൽ നൽകുവാൻ വേണ്ട സഹായങ്ങൾ നൽകി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് കൂടി. രോഗി സഹായമായി രണ്ടു പേർക്ക് 7500 രൂപ നൽകി. ആദിവാസി കോളനിയിലേക്ക് 2400 രൂപയുടെ ഡ്രസ്സ് വാങ്ങി നൽകി. പുത്തൻപാന മത്സരം നടത്തിയ സമ്മാനങ്ങൾ വിതരണം ചെയ്തു. വനിതാദിനത്തിൽ സെമിനാർ നടത്തി. 10000 രൂപയുടെ ഈസ്റ്റർ കിറ്റ് പത്തു കുടുംബങ്ങൾക്ക് നൽകി.

**അമ്പലവയൽ**

മാനസിക രോഗികൾ താമസിക്കുന്ന ബത്തേരി തപോവനത്തിൽ പോയി ഭവനവും പരിസരം വൃത്തിയാക്കി, തുണി അലക്കി കൊടുക്കുകയും ഒരു നേരത്തെ ഭക്ഷണം അവർക്ക് നൽകുകയും ചെയ്തു. പള്ളി പണി വിജയത്തിനായി ആരാധന നടത്തി.

**വാളേരി**

ജനറൽ ബോഡി, സെമിനാർ എന്നിവ നടത്തി 65 പേർ പങ്കെടുത്തു. എക്സിക്യൂട്ടിവ് കൂടി. വചന കവചം, സന്താ മോനിക്ക, ചെയിൻ റോസറി, രോഗി സന്ദർശനം എന്നിവ നടത്തി. പുതിയ നിയമം എഴുത്ത് മത്സരം നടത്തി മൂന്ന് പേര് എഴുതി തീർത്തു. സമ്മാനം നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**നരിവാലമുണ്ട**

അനാഥാലയ സന്ദർശനം നടത്തി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ഊട്ടുനേർച്ചയുടെ ഭാഗമായി 50 പേർക്കുള്ള ഉച്ച ഭക്ഷണം നല്കി. ഗാഗുൽത്ത - പീഡാനുഭവ ബൈബിൾ ക്വിസ് നടത്തി.വനിത ദിനത്തിൽ -18 യൂണിറ്റുകളിലെയും വനിതാ പ്രതിനിധികളെ ആദരിച്ചു.

**സീതാമൗണ്ട്**

വി. യൗസേപ്പിതാവിന്റെ വണക്കമാസാചരണം ഭവനങ്ങളിൽ നടത്തി. വനിതാദിനത്തിൽ ഭിന്നശേഷിക്കാരായ മക്കളുള്ള അമ്മമാരെ ആദരിച്ചു. നാല്പതാം വെള്ളിയാഴ്ച മുള്ളൻകൊല്ലി ഫൊറോന നടത്തിയ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. നിർധന കുടുംബത്തിന് ഈസ്റ്റർ കിറ്റ് നൽകി.

**പുൽപ്പള്ളി**

മേഖലയിലെ എല്ലാ ഇടവകകളും ചേർന്ന് നടത്തിയ കുരിശുമല കയറ്റത്തിൽ പങ്കുചേർന്നു. മേഖല എക്സിക്യൂട്ടീവിൽ പങ്കെടുത്തു. രൂപതയിൽ നിന്ന് ലഭിച്ച സംഭാവന കൂപ്പണുകൾ മേഖല

ഭാരവാഹികളെ ഏൽപ്പിച്ചു. എ. കെ. സി. സി യുടെ മീറ്റിങ്ങിൽ പങ്കെടുത്തു. കത്തീഡ്രൽ പള്ളി, വിയാനി ഭവൻ സന്ദർശിക്കാൻ മേഖലാ ടീമിനോടൊപ്പം പങ്കെടുത്തു. ഈസ്റ്റർ കിറ്റ് നൽകാൻ 300 രൂപ നൽകി. എക്സിക്യൂട്ടീവ് കൂടി. പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തി.

**താളിപ്പാടം**

എക്സിക്യൂട്ടീവ് കൂടി. മേഖല നടത്തിയ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. വനിതാ ദിനാചരണം നടത്തി. നിത്യോപയോഗ സാധനങ്ങൾ ശേഖരിച്ച് ചോക്കാട് അഗതിമന്ദിരത്തിനുനല്കി. ബൈബിൾ പ്രതിഷ്ഠ, രോഗി സന്ദർശനം എന്നിവ നടത്തി

**നടവയൽ**

എക്സിക്യൂട്ടീവ്, ജനറൽബോഡി എന്നിവ കൂടി. വനിതാ ദിനത്തിൽ സാമൂഹ്യ പ്രവർത്തകരായ അമ്മമാരെ ആദരിച്ചു. പേരാരൂർ ഇടവകയിലെ സ്നേഹാലയം സന്ദർശിച്ച് പലഹാരം, പച്ചക്കറി എന്നിവയും 2500 രൂപയും സംഭാവനയായി നൽകി, കലാപരിപാടികൾ അവതരിപ്പിച്ചു. കല്ലോടി ഇടവകാംഗമായ എബിൻ കാഞ്ഞിരത്തിങ്കൽ സഹായനിധിയിലേക്ക് 100 രൂപ ചലഞ്ചിൽ അമ്മമാർ പങ്കെടുത്തു. 50 നോമ്പിലെ ദശാംശം സ്വീകരിച്ച്, 10 കുടുംബങ്ങൾക്ക് 10000 രൂപയുടെ ഭക്ഷണ കിറ്റ് നൽകി. ഫിയാത്ത് മിഷനിലേക്ക് ന്യൂസ് പേപ്പർ, പഴയ നോട്ടുബുക്കുകൾ ഇവ സമാഹരിച്ച് നൽകി.

**മുള്ളൻകൊല്ലി**

എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം നടത്തി. 40-ാം വെള്ളിയാഴ്ച ശശിമല കുരിശുമലയിലേക്ക് നടത്തിയ പരിഹാര പ്രദിക്ഷിണത്തിൽ അമ്മമാർ പങ്കെടുത്തു. പെസഹാബുധനാഴ്ച 3 വീട്ടുകാർക്ക് കിറ്റ്, സാമ്പത്തിക സഹായം എന്നിവ നൽകി. ദുഃഖ വെള്ളി പരിഹാര പ്രദിക്ഷിണത്തിൽ ക്രൂശിതനോടൊത്ത് ഭക്ത സ്ത്രീകൾ, വേറോനിക്ക ദൃശ്യാവതരണം നടത്തി.

**പൂക്കോട്ടുംപാടം**

തിരുനാളിനോടനുബന്ധിച്ച് സ്റ്റാൾ നടത്തി. ദുഃഖവെള്ളിയാഴ്ചത്തേക്ക് ആവശ്യമുള്ള അച്ചാർ തയ്യാറാക്കി. സെമിത്തേരി വൃത്തിയാക്കി. ചികിത്സാ സഹായം, സാമ്പത്തിക സഹായം എന്നിവ നല്കി. പുത്തൻ പാന പാരായണ മത്സരത്തിൽ പങ്കെടുത്തു. വനിതാ ദിനം, പിതൃദിനം, സമർപ്പിത ദിനം, പൗരോഹിത്യ ദിനം എന്നിവ ആചരിച്ചു. പൗരോഹിത്യ ദിനത്തിൽ വികാരിയച്ചനും വലിയ ആഴ്ച ശുശ്രൂഷകൾക്കായി സഹായിക്കാൻ എത്തിയ ഡീക്കനും

ഗിഫ്റ്റ് നല്കി.

**കരിമ്പിൽ**

യൗസേപ്പിതാവിന്റെ വണക്കമാസാചരണം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ്, ജനറൽ ബോഡി എന്നിവ കൂടി. പോരൂർ Old Age Home സന്ദർശിച്ചു. കല്ലോടി ഫൊറോനയുടെ കീഴിലുള്ള ദേവാലയങ്ങളിൽ പോയി കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു.

**പ്രശാന്തിഗിരി**

യവനാർകുളത്ത് വച്ച് നടത്തിയ കുരിശിന്റെ വഴിയിൽ 12 പേർ പങ്കെടുത്തു. ദുഃഖവെള്ളിയാഴ്ച നേർച്ച ഭക്ഷണം ഉണ്ടാക്കുന്നതിന് സഹകരിച്ചു. സങ്കീർത്തനം 51-ാം അധ്യായം ഇടവകാതലത്തിൽ മത്സരം നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു. യൗസേപ്പിതാവിന്റെ വണക്കമാസാചരണം നടത്തി. എക്സിക്യുട്ടീവ് കൂടി. സമ്മാനക്കൂപ്പൺ വിൽക്കുന്നതിനായിട്ട് വിവിധ അംഗങ്ങളെ ഏൽപ്പിച്ചു.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം നടത്തി. പുതിയ പള്ളി വൃത്തിയാക്കുന്നതിന് സഹായിച്ചു. പുതിയ പള്ളിയിലേക്കു വേണ്ട കുമ്പസാരകൂടിന് വേണ്ടിയുള്ള കളക്ഷൻ തുടങ്ങി. യവനാർകുളം ഇടവകയിൽ വച്ച് നടന്ന കുരിശിന്റെ വഴിയിൽ 9 അമ്മമാർ പങ്കെടുത്തു. പുതിയ പള്ളിയിലേക്കു കൊണ്ട് പോകേണ്ട രൂപങ്ങൾ വൃത്തിയാക്കി.

**ഇരുളം**

മേഖല മീറ്റിങ്ങിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വനിതാ ദിനത്തിൽ ഭിന്നശേഷിയുള്ള ഒരു കുഞ്ഞിന്റെ അമ്മയെ ആദരിച്ചു. പിതൃദിനം ആചരിച്ചു. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു കുടുംബത്തിന് ഭക്ഷ്യസാധനങ്ങൾ നൽകി. വീടും പരിസരവും വൃത്തിയാക്കുകയും ചെയ്തു. ഏലീശ്വ സംഗമം നടത്തി. ഈസ്റ്റർ കിറ്റിനായി 500 രൂപ മേഖലയ്ക്ക് കൊടുത്തു. സാമ്പത്തിക സഹായമായി പതിനായിരം രൂപ മൂന്നു കുടുംബങ്ങൾക്ക് നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**പോരൂർ**

യവനാർകുളം പള്ളിയിൽ വച്ച് നടന്ന കുരിശിന്റെ വഴിയിൽ ആനിമേറ്ററിനോടൊപ്പം 25 അംഗങ്ങൾ പങ്കെടുത്തു. എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം നടത്തി. സ്നേഹാലയം സന്ദർശിച്ചു. ജോസഫ് നാമധാരികളെ ഭവനങ്ങളിൽ ആദരിച്ചു.

**മണിമൂളി**

വനിതാ ദിനത്തിൽ പോലീസ് വിഭാഗത്തിൽ സേവനം ചെയ്യുന്നവരെയും മിൽട്രി നേഴ്സ് ക്യാപ്റ്റനും റിപ്പബ്ലിക് ദിനത്തിൽ പ്രധാനമന്ത്രിയുടെ പരേഡിൽ പങ്കെടുക്കാൻ അവസരം ലഭിച്ച കുമാരി മിലിയ തുരുത്തേലിനെയും ആദരിച്ചു. പിതൃദിനത്തിൽ ഇടവകയിലെ പിതാക്കന്മാർക്ക് വേണ്ടി 'വിശുദ്ധ യൗസേപ്പിതാവ് കുടുംബങ്ങളുടെ സംരക്ഷകൻ' എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസമത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി.

**വടപുറം**

ഇടവക ധ്യാനത്തിൽ പങ്കെടുത്തു. ദുഃഖവെള്ളിയാഴ്ച ഭക്ഷണം കൊടുക്കുന്നതിൽ സഹായികളായി. പുത്തൻപാന മത്സരത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**മാനന്തവാടി ടൗൺ ചർച്ച്**

യൗസേപ്പിതാവിന്റെ വണക്കമാസാചരണം നടത്തി. വനിതാ ദിനമാചരിച്ചു. എക്സിക്യൂട്ടീവ് കൂടി. മേഖല നടത്തിയ കുരിശിന്റെ വഴിയിൽ 10 പേർ പങ്കെടുത്തു. മേഖല നൽകിയ കൂപ്പൺ വിതരണം ചെയ്തു. സങ്കീർത്തനം 51 വചനവായന മൽസരത്തിൽ പങ്കെടുത്തു. നോമ്പ് ചാരിറ്റിയായി ലഭിച്ച പൈസ കൊണ്ട് 7 നിർദ്ധനർക്ക് 10000 രൂപയുടെ ഭക്ഷണക്കിറ്റ് നൽകി. സ്നേഹദീപം ചാരിറ്റബിൾ ട്രസ്റ്റിലേക്ക് 1000 രൂപ നൽകി. രോഗി സന്ദർശനം നടത്തി. 2000 രൂപ നൽകി.

**കരിമാനി**

വനിതാ ദിനമാചരിച്ചു. മേഖലയുടെ നേതൃത്വത്തിൽ യവനാർകുളം ദേവാലയത്തിൽ വച്ചു നടത്തിയ കുരിശിന്റെ വഴിയിൽ 14 അമ്മമാർ പങ്കെടുത്തു. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. നോമ്പുകാല ജീവകാരുണ്യ പ്രവൃത്തിയുടെ ഭാഗമായി കാൻസർ രോഗിക്ക് 3000 രൂപ നൽകി. ഗവ. ഹോസ്പിറ്റലിലേക്ക് 25 സാരിയും കുട്ടികളുടെ ഡ്രസ്സും കൊടുത്തു.

**പുതിയിടം**

യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ഇടവകയിലെ ഏറ്റവും പ്രായം കൂടിയ വ്യക്തിയെ പൊന്നാട അണിയിച്ച് ആദരിച്ചു. യവനാർകുളം പള്ളിയിൽ വെച്ച് നടത്തപ്പെട്ട കുരിശിന്റെ വഴിയിൽ ആനിമേറ്റർ സിസ്റ്ററിനോടൊപ്പം 9 അമ്മമാർ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**കുഞ്ഞോം**

പിതൃദിനത്തിൽ പിതാക്കന്മാർക്കായി പെൻസിൽ ഡ്രോയിങ് മത്സരം നടത്തി. അമ്മമാർക്കായി പ്രസംഗം മത്സരം നടത്തി സമ്മാനങ്ങൾ നൽകി. സാന്താ മോനിക്കാ മധ്യസ്ഥ പ്രാർത്ഥന, വചനം പറയുക എന്നിവയിൽ പങ്കുചേർന്നു. പള്ളിയും പരിസരവും വൃത്തിയാക്കി.

**യവനാർകുളം**

പള്ളിയും പരിസരവും വൃത്തിയാക്കി. ജോസഫ് നാമധാരികളെ ആദരിച്ചു. രോഗീസന്ദർശനം നടത്തി.

**കൊട്ടിയൂർ**

എക്സിക്യൂട്ടീവ് കൂടി. അംഗവൈകല്യമുള്ള കുഞ്ഞുങ്ങളെ വളർത്തുന്ന LSDP കോൺവെന്റിൽ സാമ്പത്തിക സഹായം നൽകി. വനിതാദിനം ആചരിച്ചു. സ്നേഹനിധിയുടെ കവർ തയ്യാറാക്കി പള്ളിയിൽ ഏല്പിച്ചു. മേഖലയുടെ നേതൃത്വത്തിൽ നടത്തിയ കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

**തേൾപ്പാറ**

നാൽപ്പതാം വെള്ളിയാഴ്ച, ദുഃഖ വെള്ളിയാഴ്ച പരിഹാര പ്രദക്ഷിണം നടത്തി. വനിതാ ദിനത്തിൽ മഹത് വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തുന്ന വീഡിയോ ചെയ്തു. യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനത്തിൽ ജോസഫ് നാമധാരികളെ ആദരിച്ചു.

സ്നേഹാശംസകളോടെ,
**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ഏപ്രിൽ 05 വെള്ളിയാഴ്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സീയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 45 ശുശ്രുഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോൻ പൊതുസമ്മേളനം നടന്നു.

ഏപ്രിൽ 06 ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. ജോസഫ് സർ സ്തുതി ആരാധന നയിച്ചു. ബ്രദർ ബിജു പുളിക്കൽ, സി. അന്ന FCC, സി. അനറ്റ് SKD, എന്നിവർ ഗാനശുശ്രൂഷയ്ക്കും, ബഹു. സിസ്റ്റർ ആൻസി SCV, സിസ്റ്റർ സ്മിത CMC, സിസ്റ്റർ ജാൻസി SABS, സിസ്റ്റർ നവ്യ SH, എന്നിവർ മറ്റു ശുശ്രുഷകൾക്കും നേതൃത്വം നൽകി.

ഏപ്രിൽ 13ന് ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 01.00 മണിവരെ സ്പിരിച്വൽ ഷെയറിംഗ് നടത്തി. ഏപ്രിൽ 19 മുതൽ 21 വരെ താമസിച്ചുള്ള ആന്തരീക സൗഖ്യ ധ്യാനം നടന്നു. ഏപ്രിൽ 26 വെള്ളിയാഴ്ച വൈകുന്നേരം 05 മുതൽ രാത്രി 10.30 വരെ ജാഗരണ പ്രാർത്ഥന നടത്തി.

സീയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു.

മീഡിയ കമ്മീഷൻ, സിയോൻ CRC എന്നീ യൂട്യൂബ് ചാനലുകളിലൂടെ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനം നൽകുന്നു.

**ഫാ. ജിന്റോ തട്ടുപറമ്പിൽ**
ഡയറക്ടർ, സീയോൻ സി.ആർ.സി

**ആശാകിരണം വസ്ത്ര ബാങ്കിലേക്ക് വസ്ത്രങ്ങൾ സമാഹരിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് നടപ്പിലാക്കി വരുന്ന ആശാകിരണം വസ്ത്രബാങ്ക് പദ്ധതിയുടെ ഭാഗമായി ചുങ്കക്കുന്ന് സോഷ്യൽ വെൽഫയർ സൊസൈറ്റിയിൽ നിന്നും വസ്ത്രങ്ങൾ സമാഹരിച്ചു. ചുങ്കക്കുന്ന് പാരീഷ് ഹാളിൽ നടന്ന ചടങ്ങിൽ ഇടവക വികാരി റവ. ഫാ. പോൾ കൂട്ടാലയിൽ നിന്നും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വസ്ത്രങ്ങൾ ഏറ്റുവാങ്ങി. സോഷ്യൽ വെൽഫയർ സൊസൈറ്റി പ്രസിഡണ്ട് ജോസ് മഞ്ചുവള്ളി അദ്ധ്യക്ഷത വഹിച്ചു. അലമാരിയിൽ ആർക്കും വേണ്ടാതെ അടുക്കിവച്ചിരിക്കുന്ന വസ്ത്രങ്ങൾ ആവശ്യക്കാരിൽ എത്തിക്കുന്ന പദ്ധതിയാണ് വസ്ത്ര ബാങ്ക് പദ്ധതി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രാദേശിക യൂണിറ്റുകളായ സോഷ്യൽ വെൽഫയർ സൊസൈറ്റികൾ പ്രാദേശികമായി സമാഹരിക്കുന്ന ഉപയോഗിച്ച വസ്ത്രങ്ങൾ മാനന്തവാടി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ക്യാമ്പസിൽ പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന അലമാരകളിൽ പൊതുവായി വെച്ചിരിക്കുകയാണ്. ഓരോ വിഭാഗത്തിലും വരുന്ന വസ്ത്രങ്ങൾ വേർതിരിച്ച് വൃത്തിയായി സൂക്ഷിക്കുന്നു. ആവശ്യമുള്ളവർക്ക് യഥേഷ്ടം വസ്ത്രങ്ങൾ ഇവിടെ നിന്നും എടുത്തുകൊണ്ടു പോകാവുന്നതാണ്. അലമാരിയിൽ വസ്ത്രങ്ങൾ കുറയുന്നതിനനുസരിച്ച് വീണ്ടും വസ്ത്രങ്ങൾ വെച്ചു കൊണ്ടിരിക്കും. സമൂഹത്തിൽ ഉന്നതനിലയിൽ ഉള്ള ഡോക്ടർമാർ, ബിസിനസുകാർ തുടങ്ങിയ ധാരാളംപേർ അവർക്ക് ആവശ്യമില്ലാത്ത വസ്ത്രങ്ങൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ എത്തിച്ചു തരാറുണ്ട്. വസ്ത്രം എടുത്തുകൊണ്ടു പോകുന്നതിനും ദിവസവും ധാരാളം പേർ ഇവിടെ വന്നുകൊണ്ടിരിക്കുന്നു. സാമ്പത്തിക പരാധീനത മൂലം വസ്ത്രം വാങ്ങുവാൻ പ്രയാസമനുഭ

വിക്കുന്നവർക്ക് ഏറെ ആശ്വാസകരമാണ് ഈ വസ്ത്ര ബാങ്ക്. ചുങ്കക്കുന്നിൽ നടന്ന പരിപാടിക്ക് ആനിമേറ്റർ സി. ജെസ്സി പോൾ, സെക്രട്ടറി ജോബി വട്ടുകുളത്തിൽ, റീജിയണൽ കോ-ഓർഡിനേറ്റർ ബിൻസി വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി.

**സംരംഭകത്വ പരിശീലനം ആരംഭിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന സംരംഭകത്വ പരിശീലനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചു. പതിനഞ്ച് ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ നിർവ്വഹിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ അദ്ധ്യക്ഷത വഹിച്ചു. കേരള ലേബർ മൂവ്മെന്റ് ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ, റീജിയണൽ കോ-ഓർഡിനേറ്റർമാരായ ഷീന ആന്റണി, ആലീസ് സിസിൽ, ജിനി ഷിനു, ബിൻസി വർഗ്ഗീസ് എന്നിവർ സംസാരിച്ചു. നേഴ്സറി നിർമ്മാണം, ജൈവവള നിർമ്മാണം, സാമ്പത്തിക സാക്ഷരത, സ്വാശ്രയ സംഘങ്ങൾ, തുല്യ ബാധ്യതാ സംഘങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ആണ് പരിശീലനം നൽകുന്നത്. പരിശീലനത്തിന് നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ ജിഷ വി, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ബൊട്ടാണിസ്റ്റ് ബിജു കെ.ജെ, വിജയ നേഴ്സറി ഉടമകളായ രാജൻ, സ്ക്കറിയ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കേരള ലേബർ മൂവ്മെന്റ് ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ, ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലർ സുബ്രഹ്മണ്യൻ പി.എം, മധുവനം ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ ചെയർമാൻ ചാക്കോ എൻ. ജെ, റീജിയണൽ കോ-ഓർഡിനേറ്റർമാരായ ബിൻസി വർഗീസ്, ആലീസ് സിസിൽ എന്നിവർ നേതൃത്വം നൽകും. കൂടാതെ റീജിയണൽ അഗ്രിക്കൾച്ചർ സ്റ്റേഷൻ അമ്പലവയൽ, തൃശ്ശിലേരിയിലെ മാതൃകാ കർഷകനായ ജോൺ മാസ്റ്ററുടെ ഭവനം, ബോയ്സ്ടൗൺ എന്നിവിടങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കും.

**സന്നദ്ധസേന രൂപീകരിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന സജീവം

പദ്ധതിയുടെ ഭാഗമായി വാളേരി സോഷ്യൽ വെൽഫയർ സൊസൈറ്റി കേന്ദ്രീകരിച്ച് സന്നദ്ധസേന രൂപീകരിച്ചു. ആധുനിക സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന ലഹരിയെന്ന വൻവിപത്തിനെതിരെ ജനകീയ മുന്നേറ്റവും ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തുന്ന ഒരു പദ്ധതിയാണ് സജീവം. കേരളത്തിലെ എല്ലാ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കേരള സോഷ്യൽ സർവ്വീസ് ഫോറം ആണ് സംസ്ഥാനത്ത് സജീവം പദ്ധതിക്ക് നേതൃത്വം നൽകുന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്കൂളുകൾ, കോളേജുകൾ, സോഷ്യൽ വെൽഫയർ സൊസൈറ്റികൾ, സ്വാശ്രയ സംഘങ്ങൾ, ആദിവാസി കോളനികൾ എന്നിവ കേന്ദ്രീകരിച്ചാണ് സജീവം പദ്ധതി നടപ്പിലാക്കി വരുന്നത്. ഓരോ പ്രദേശത്തും പ്രത്യേകിച്ച് കുട്ടികളുടെ ഇടയിൽ ലഹരി ഉപയോഗം തടയുന്നതിന് ആണ് സന്നദ്ധസേന രൂപീകരിക്കുന്നത്. വാളേരി സോഷ്യൽസർവ്വീസ് സൊസൈറ്റി കേന്ദ്രീകരിച്ച് നടന്ന സന്നദ്ധസേന രൂപീകരണത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ്ഡയറക്ടർ റവ.ഫാ.ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ ദീപു ജോസഫ്, റീജിയണൽ കോ-ഓർഡിനേറ്റർ ബിൻസി വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി. വാളേരി പ്രദേശത്ത് സന്നദ്ധസേന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ജോയൽ ജൂഡ് പേക്കൽ, ആൽബിൻ സജി പുളിയാർമറ്റത്തിൽ, എബിൻ റോജസ് പാറയിൽ, റിയ വിൽസൺ പൊട്ടക്കൽ, അനുമോൾ കളപ്പുരക്കൽ എന്നിവരെ തിരഞ്ഞെടുത്തു.

**ചിത്രരചനാ മത്സരം സമ്മാനങ്ങൾ വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന സജീവം പദ്ധതിയുടെ ഭാഗമായി കാട്ടിക്കുളം ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾക്കായി നടത്തിയ ചിത്രരചനാ മത്സരത്തിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. കാട്ടിക്കുളം ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടന്ന ചടങ്ങിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

സ്കൂൾ ഹെഡ്മിസ്ട്രസ്സ് ബീന വർഗീസ് അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, റീജിയണൽ കോ-ഓർഡിനേറ്റർ ആലീസ് സിസിൽ, എന്നിവർ സംസാരിച്ചു. ചിത്രരചനാ മത്സരത്തിൽ കാട്ടിക്കുളം ഹയർസെക്കണ്ടറി സ്കൂളിലെ അക്ഷയ വി.ബി, അനശ്വര പ്രിൻസ്, സൂര്യനന്ദ എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.

**ലക്ഷ്യ 2k24 ഫാഷൻ ഈവന്റ് സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി ഡിപ്പാർട്ട്മെന്റ്, ലക്ഷ്യ 2k24 എന്ന പേരിൽ ഫാഷൻ ഈവന്റ് സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ സർഗ്ഗാത്മകതയും നിർമ്മാണ വൈദൃഗ്ദ്ധവും പ്രദർശിപ്പിക്കുന്നതിനുള്ള വേദിയായി ലക്ഷ്യ 2k24 മാറി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ അദ്ധ്യക്ഷത വഹിച്ചു. വിദ്യാർത്ഥികൾ തയ്യാറാക്കിയ റെക്കോർഡ് വർക്കുകൾ, അതിമനോഹരമായ വസ്ത്രനിർമ്മാണങ്ങൾ, എംബ്രോയ്ഡറി വർക്കുകൾ, ഗ്ലാസ് പെയിന്റിംഗുകൾ തുടങ്ങി വിദ്യാർത്ഥികളുടെ സമർപ്പണവും ചാതുര്യവും പ്രതിഫലിപ്പിക്കുന്നവയായിരുന്നു ലക്ഷ്യ 2k24ലെ പ്രദർശനങ്ങൾ. പ്രദർശനങ്ങൾക്ക് പുറമെ പാരമ്പര്യം എന്ന വിഷയത്തെ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾ ഫാഷൻ ഷോയും അവതരിപ്പിച്ചു. ചടങ്ങിൽ ഈ സ്ഥാപനത്തിലെ പൂർവ്വ വിദ്യാർത്ഥിയും ഈ വർഷത്തെ സംസ്ഥാന സർക്കാരിന്റെ തൊഴിൽ ശ്രേഷ്ഠ പുരസ്കാര ജേതാവ് ജോയ്സി ജെയ്സൺ, പൂർവ്വ വിദ്യാർത്ഥിയും 2022 ലെ ഏറ്റവും നല്ല കോസ്റ്റ്യൂം ഡിസൈനർക്കുള്ള സംസ്ഥാന അവാർഡ് ജേതാവ് ഫവാസ് റസാക്ക് എന്നിവരെ ആദരിച്ചു. കേരള ലേബർ മൂവ്മെന്റ് ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ, പ്രൊജക്റ്റ് കോ-ഓർഡിനേറ്റർസി.അനിലിറ്റ്, രക്ഷാകർത്തൃ പ്രതിനിധി ഐശ്വര്യ എ വി, എന്നിവർ സംസാരിച്ചു. പരിപാടിക്ക് സെന്റർ ഇൻ ചാർജ് ജാൻസി ജിജോ, ട്രെയിനർമാരായ ചിഞ്ചു മരിയ പീറ്റർ, അഞ്ജന തോമസ് എന്നിവർ നേതൃത്വം നൽകി.

**അവലോകന യോഗം സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി യു. എൻ വിമൻ, സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യ. ദി ജെൻഡർ പാർക്ക്, സംസ്ഥാനവനിതാ ശിശു ക്ഷേമ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ മെച്ചപ്പെട്ട രീതിയിൽ തിരികെ കൊണ്ടു വരിക എന്ന പദ്ധതിയുടെ ഭാഗമായി പദ്ധതി അവലോകന യോഗം സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടന്ന അവലോകന യോഗം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിപ്രോഗ്രാം ഓഫീസർ ജോസ് പി.എ അദ്ധ്യക്ഷത വഹിച്ചു. പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ റോബിൻ ജോസഫ് റിപ്പോർട്ട് അവതരിപ്പിച്ചു. ത്രിതലപഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ അംഗങ്ങൾ, കുടുംബശ്രീ ഭാരവാഹികൾ, ഊരുകൂട്ടം നേതാക്കൾ, സോഷ്യൽവെൽഫയർസൊസൈറ്റിഭാരവാഹികൾ, ആശാവർക്കർമാർ, സ്വാശ്രയസംഘം ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. പരിപാടിക്ക് പ്രൊജക്റ്റ് ടീം അംഗങ്ങളായ ഷീന ആന്റണി, റ്റുബിൻ ജിപ്സൺ, ബിൻസി വർഗീസ്, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

**തെരുവ് നാടകം അവതരിപ്പിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി യു. എൻ വിമൻ, സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യ, ദി ജെൻഡർ പാർക്ക്, സംസ്ഥാന വനിതാ ശിശു ക്ഷേമ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ മെച്ചപ്പെട്ട രീതിയിൽ തിരികെ കൊണ്ടു വരിക എന്ന പദ്ധതിയുടെ ഭാഗമായി തെരുവ് നാടകം അവതരിപ്പിച്ചു. സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് അവബോധം വളർത്തുക, ഒരു പിന്തുണാ ശൃംഖല സൃഷ്ടിക്കുക, സർക്കാർ വകുപ്പുകൾ, നിയമ നിർമ്മാണ ഏജൻസികൾ, സർക്കാരിതര സംഘടനകൾ, കുടുംബശ്രീ, സ്വാശ്രയ സംഘങ്ങൾ എന്നിവയുൾപ്പെടെ വിവിധ പങ്കാളികളെ ഒന്നിപ്പിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. സ്ത്രീകളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനാണ് ഈ പദ്ധതി

കൊണ്ട് ശ്രമിക്കുന്നത്. മാനന്തവാടി മുൻസിപ്പാലിറ്റി, എടവക, തവിഞ്ഞാൽ, പടിഞ്ഞാറത്തറ, പുൽപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ വിവിധ കേന്ദ്രങ്ങളിൽ തെരുവ് നാടകം അവതരിപ്പിച്ചു. മാനന്തവാടി ഗാന്ധിപാർക്കിൽ വെച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ പരിപാടി ഉദ്ഘാടനം ചെയ്തു. തെരുവ് നാടകത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി റീജിയണൽ കോ-ഓർഡിനേറ്റർ ഷീന ആന്റണി, കല്ലോടി സോഷ്യൽ വെൽഫയർ സൊസൈറ്റി പ്രവർത്തകരായ സാൽവി ആവണിക്കൽ, വത്സകൊച്ചുപറമ്പിൽ, ടെസ്സി പാലക്കാട്ടുപുത്തൻപുര, ഷൈനി ഇലഞ്ഞിക്കുഴി, മിനി പടക്കൂട്ടിൽ, ജോയ്സി കുന്നത്ത്, റീനകുന്നത്ത് എന്നിവർ നേതൃത്വം നൽകി.

**നബാർഡ് ആട് ഗ്രാമം പദ്ധതി ജില്ലാ മാനേജർ സന്ദർശനം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ, തൊണ്ടർനാട്, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന ആട് ഗ്രാമം പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് നബാർഡ് ജില്ലാ മാനേജർ ജിഷ വി. വിവിധ കോളനികളിൽ സന്ദർശനം നടത്തി.

നബാർഡിന്റെ ഉപജീവന സംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആദിവാസി വിഭാഗത്തിൽ വരുന്ന സ്വാശ്രയ സംഘങ്ങളിലെ അംഗങ്ങൾക്ക് അനുയോജ്യമായ ഒരു വരുമാന വർദ്ധക പരിപാടി എന്ന നിലയിൽ ആണ് ആട് ഗ്രാമം പദ്ധതി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്നത്. എടമുണ്ട, ഇല്ലത്തുമൂല, തവിഞ്ഞാൽ, മക്കിമല, കാപ്പാട്ടുമല, കൊറ്റിയോട്ടിൽ, നെല്ലേരി, പാലേരി എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയ ജില്ലാ മാനേജർ ആട് വളർത്തൽ യൂണിറ്റുകൾ സന്ദർശിക്കുകയും ഗുണഭോക്താക്കളുമായി സംവദിക്കുകയും ചെയ്തു. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ, പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**വിദഗ്ധ സംഘം പുലിക്കാട് നീർത്തട പ്രദേശം സന്ദർശിച്ചു**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി എടവക ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെസാധ്യതാ പഠനം നടത്തുന്നതിന് വിദഗ്ദ സംഘം എടവക ഗ്രാമപഞ്ചായത്തിലെ പുലിക്കാട് നീർത്തട പ്രദേശം സന്ദർശിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ടെത്തിയ പത്ത് നീരുറവകളിൽ ആറെണ്ണത്തിന്റെ സാങ്കേതിക പരിശോധന വിദഗ്ധ സംഘം നടത്തുകയുണ്ടായി. നബാർഡ് ജില്ലാ മാനേജർ ജിഷ വി. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന കാരിത്താസ് ഇന്ത്യയിലെ ഹൈഡ്രോ ജിയോളജിസ്റ്റ് ആയ ഡോക്ടർ വി. ഹരിദാസ് എന്നിവർ ആയിരുന്നു ടീമിൽ ഉണ്ടായിരുന്നത്. പഠനപ്രക്രിയയ്ക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, എടവകഗ്രാമ പഞ്ചായത്ത് മെമ്പർ ഷിൽസൺ മാത്യു, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം കോ-ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ മീറ്റിംഗുകൾ നടത്തി**

കണിയാരം, ചെറുകാട്ടൂർ, ഒണ്ടയങ്ങാടി, കൊട്ടിയൂർ, ചുങ്കക്കുന്ന്, വെള്ളൂന്നി, ചെന്നലോട്, അരിഞ്ചേർമല, വലിയകൊല്ലി, തലപ്പുഴ, കാരയ്ക്കാമല, കോട്ടത്തറ, ഒഴുക്കന്മൂല, കുറുമണി, മംഗലശ്ശേരി, തൃശിലേരി, ദ്വാരക, പട്ടാണിക്കൂപ്പ്, സീതാമൗണ്ട്, അമരക്കുനി, പയ്യമ്പള്ളി, നടവയൽ എന്നീ സോഷ്യൽ വെൽഫയർ സൊസൈറ്റികളിലൂടെ നടത്തിയ മീറ്റിംഗുകൾക്ക് റീജിയണൽ കോ-ഓർഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, റ്റുബിൻ ജിപ്സൺ, ബിൻസി വർഗീസ്, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

**സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുക എന്നതിന്റെ ഭാഗമായി പാറത്തോട്ടം, വരയാൽ, കൊട്ടിയൂർ, എടത്തന, കുറുമ്പാലക്കോട്ട, മാന

ന്തവാടി, പട്ടാണികൂപ്പ്, കബനിഗിരി എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സജീവം പദ്ധതി**

കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ കേരളസോഷ്യൽ സർവ്വീസ് ഫോറം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെ നടപ്പിലാക്കുന്ന സജീവം പദ്ധതിയുടെ ഭാഗമായി പാറത്തോട്ടം SWS ൽ റീജിയണൽ കോഡിനേറ്റർ ബിൻസി വർഗീസും കുറുമണിയിൽ MSW വിദ്യാർത്ഥി അപർണ്ണയും കല്ലോടി യൂണിറ്റിൽ തക്കല രൂപത വൈദികനും MSW വിദ്യാർത്ഥിയുമായ ഫാ. സുബിൻ പുത്തൻപുരയ്ക്കൽ എന്നിവർ ക്ലാസുകൾ എടുത്തു.

**സന്നദ്ധസേന രൂപീകരിച്ചു**

കുട്ടികളിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗം തടയുന്നതിനും കുട്ടികൾക്കിടയിൽ ബോധവത്ക്കരണം നടത്തുന്നതിനും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുമായി പട്ടാണികൂപ്പ്, വാളേരി, പുതിയിടം എന്നിവിടങ്ങളിൽ കുട്ടികളുടെ സന്നദ്ധസേനകൾ രൂപീകരിച്ചു.

**ആശാകിരണം പദ്ധതി**

കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ കേരള സോഷ്യൽ സർവ്വീസ് ഫോറം മാനന്തവാടി രൂപതയിലൂടെ നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായി കോട്ടത്തറ swsൽ msw വിദ്യാർത്ഥി ലിയ ക്ലാസെടുത്തു. ചെന്നലോട് യൂണിറ്റിൽ ആലീസ് സിസിലും ചെറുകാട്ടൂർ യൂണിറ്റിൽ മേരി മഠത്തിക്കുന്നേൽ എന്നിവരും ക്ലാസുകൾക്ക് നേതൃത്വം നൽകി.

**സോപ്പുൽപ്പന്ന നിർമ്മാണ പരിശീലനം**

സോപ്പുൽപ്പന്ന നിർമ്മാണ മേഖലയിൽ സ്വയം പര്യാപ്തത നേടുന്നതിനും സാമ്പത്തിക ലാഭം കൈവരിക്കുന്നതിനുമായി നടത്തുന്ന പരിശീലനത്തിന്റെ ഭാഗമായി കുറുമ്പാലക്കോട്ട, കൊറ്റുകുളം എന്നിവിടങ്ങളിലും മാതൃവേദിയുമായി സഹകരിച്ച് പട്ടാണികൂപ്പിലും നൽകിയ പരിശീലനത്തിന് റീജിയണൽ കോ-ഓർഡിനേറ്റർമാർ നേതൃത്വം നൽകി.

**ആട് വിതരണം നടത്തി**

സ്വാശ്രയ സംഘങ്ങളിൽ പ്രവർത്തിക്കുന്ന അംഗങ്ങൾക്ക് വരുമാനം കണ്ടെത്തുക എന്നതിന്റെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെ കമ്മന യൂണിറ്റിന് നൽകിയ ആടിന്റെ കുഞ്ഞിനെ ഒണ്ടയങ്ങാടി യൂണിറ്റിന് കൈമാറി.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2024-2026 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 9482674486, 9048229197 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം
(Department for Labour and Welfare - Diocese of Mananthavady)

**പാരീഷ് സെമിനാറുകൾ**

അമ്പായത്തോട് ഇടവകയിൽ നടന്ന സെമിനാർ വികാരി ഫാ. കുര്യൻ വാഴയിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസ്സ് നയിച്ചു. പാരീഷ് കോ-ഓർഡിനേറ്റർ ഫ്രാൻസിസ് പുലയൻപറമ്പിൽ ചർച്ചകൾക്ക് നേതൃത്വം നൽകി. മരക്കടവ് ഇടവകയിലെ സെമിനാർ ഫാ. അഗസ്റ്റിൻ താന്നിയിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ടീം അംഗം ബിജു മാത്യു അരീക്കാട്ട് ക്ലാസ് നയിച്ചു. പാരീഷ് കോഡിനേറ്റർ ജയ്സൺ കല്ലറക്കൽ നന്ദി പ്രകാശിപ്പിച്ചു.

**തരിയോട് ഫൊറോന മീറ്റിംഗ്**

തരിയോട് ഫൊറോനയിലെ പാരീഷ് കോഡിനേറ്റർമാരുടെ യോഗം ഫൊറോന വികാരി ഫാ. തോമസ് പ്ലാശനാലിന്റെ അദ്ധ്യക്ഷതയിൽ ഫൊറോന ദേവാലയത്തിൽ നടന്നു. തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. പ്രവർത്തനങ്ങൾ സജ്ജീവമാക്കുന്നതിനായി വാർഡുകളിൽ കോഡിനേറ്റർമാരെ നിയമിക്കുന്നത് ഉചിതമാണെന്ന അഭിപ്രായം ഉണ്ടായി. കുറുമണി ഇടവക കോഡിനേറ്റർ ആയി ബെന്നി പുത്തൻപറമ്പിലിനെ തെരഞ്ഞെടുത്തു. രൂപതാ ഡയറക്ടർ ചർച്ചകൾക്ക് നേതൃത്വം നൽകി.

**ലേബർ ഫസിലിറ്റേഷൻ സെന്ററുകൾ**

കണിയാമ്പറ്റയിലും ബത്തേരിയിലും ഫസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തന സജ്ജമായി ഔപചാരികമായ ഉദ്ഘാടനം ഈ മാസം നടക്കും.

**ലേബർ ക്വിസ്- രൂപതക്ക് ഒന്നാം സ്ഥാനം**

കെ.എൽ.എം സുവർണ്ണ ജൂബിലിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന സംസ്ഥാന തല ലേബർ ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ മലബാർ റീജിയണിൽ ഒന്നാം സ്ഥാനം നേടി മാനന്തവാടി രൂപത അർഹത നേടി. പറളിക്കുന്ന് ഇടവകയിൽ നിന്നുള്ള മനോജ് നെല്ലിയാനിൽ, ജോബി പുള്ളോലിക്കൽ എന്നിവർ ചേർന്ന ടീം ആണ് മത്സരത്തിൽ പങ്കെടുത്തത്.

**പെൻഷൻ**

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത 02 വ്യക്തികൾക്ക് 60 വയസ്സ് പൂർത്തിയായതിനെ തുടർന്ന് പെൻഷന് അപേക്ഷ സമർപ്പിച്ചു. മുൻമാസം കൊടുത്ത 04 പേർക്ക് ഏപ്രിൽ മാസം പെൻഷൻ പാസായി. ഇതുവരെ ഈ ക്ഷേമനിധിയിൽ ചേർന്ന 32 പേർക്ക് പെൻഷൻ പാസായി.

**വിവാഹ ധനസഹായം**

നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ ചേർന്ന 02 തൊഴിലാളികളുടെ മക്കൾക്ക് ഈ മാസം വിവാഹ ധനസഹായം ലഭിച്ചു.

**പുതിയ രജിസ്ട്രേഷൻ**

തയ്യൽ തൊഴിലാളി, നിർമ്മാണ തൊഴിലാളി, ചെറുകിടത്തോട്ടം തൊഴിലാളി എന്നീ ക്ഷേമനിധികളുടെ പുതിയ രജിസ്ട്രേഷൻ മെയ് മാസം ആദ്യ ആഴ്ച നടക്കും.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**NABARD - OFFD "Home Health Aide" ട്രെയിനിംഗ് പ്രോഗ്രാം**

• Home Health Aide" ട്രെയിനിംഗ് പ്രോഗ്രാം: നബാർഡിന്റെ സഹായത്തോടും കൂടി NDS നടപ്പിലാക്കുന്ന 67 ദിവസത്തെ പരിശീലന പരിപാടിയായ "Home Health Aide" എന്ന കോഴ്സിന്റെ പരിശീലന ക്ലാസ്സുകൾ വിജയകരമായി പുരോഗമിക്കുന്നു. NDS ഡയറക്ടർ ബിനോയി കാശാംകുറ്റിയിൽ അച്ചന്റെ മേൽനോട്ടത്തിൽ, HHA കോഴ്സിന്റെ മുഖ്യ പരിശീലക ജിൻസി ജോയിയുടെ നേതൃത്വത്തിലാണ് പരിശീലന ക്ലാസ്സുകൾ നടന്നുവരുന്നത്. കൂടാതെ NDS അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മാനന്തവാടി രൂപതാ വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ, പുഷ്പഗിരി ആശുപത്രിയിലെ ഡോ. ക്രിസ്റ്റീന, ഗൂഡല്ലൂർ GH ലെ ഹെഡ് നേഴ്സ് ശ്രീ. കുടിയരസൻ, കൗൺസിലർ തമിഴ്സെൽവി, ഗൂഡല്ലൂർ SHN വെണ്ണില, വിവിധ PHC കളിലെ സിസ്റ്റേഴ്സ്, NDS ട്രയിനർ ജൂഡ് മാർട്ടിൻ, ശ്രീ രാമകൃഷ്ണ Old Age ഹോമിലെ സ്റ്റാംഫംഗങ്ങളായ സുശീല, മാധവി, പരമേശ്വരി, ആശാഭവൻ Old Age ഹോമിലെ ബഹു. സിസ്റ്റേഴ്സ്, കോയമ്പത്തൂർ അപ്പോളോ ആശുപത്രിയിലെ സ്റ്റാഫംഗങ്ങൾ, സലേഷ്യൻ സഭാംഗമായ ബ്ര. ജോൺ കെന്നഡി, ഫാ. നിഷ്വിൻ എന്നിവരുടെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ എടുത്തു.

പരിശീലന പരിപാടിയുടെ ഭാഗമായി ഗൂഡല്ലൂർ ഗവൺമെന്റ് ആശുപത്രിയിലും, ബാർവുഡ്, ചേരമ്പാടി, ദേവാല, ഗൂഡല്ലൂർ, മണ്ണുവയൽ പ്രദേശങ്ങളിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, ശ്രീ രാമകൃഷ്ണ Old Age ഹോമിലും, ആശാഭവൻ Old Age ഹോമിലും പോകുകയും, ഡോക്ടർമാരുടെയും, ഹെഡ് നേഴ്സുമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും മേൽനോട്ടത്തിൽ രോഗീപരിചരണത്തെക്കുറിച്ചും, പ്രായമായവരെ പരിചരിക്കുന്നതിനെകുറിച്ചും അറിവും, പ്രായോഗികമായ പരിശീലനവും നേടുകയും ചെയ്തു.

• **NABARD DDM Visit at NDS:** നബാർഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കികൊണ്ടിരിക്കുന്ന Home Health Aide കോഴ്സിന്റെ പരിശീലനപരിപാടിയുടെ പ്രവർത്തനങ്ങളെ നേരിട്ടുകണ്ട് മനസ്സിലാക്കുന്നതിനും, വിലയിരുത്തുന്നതിനുമായി NABARD DDM തിരു. തിരുമലൈ റാവു അവർകൾ 05.04.2024 ന് NDS ഓഫീസിൽ വരികയും പരിശീലനം നേടികൊണ്ടിരിക്കുന്നവരുമായി ഒരു മീറ്റിംഗ് നടത്തുകയും, കോഴ്സിനെകുറിച്ചും, അതിന്റെ നടത്തിപ്പിനെകുറിച്ചും അവരുടെ അഭിപ്രായങ്ങൾ ചോദിച്ചറിയുകയും ചെയ്തു. തുടർന്ന് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, സ്റ്റാഫംഗങ്ങളായ ജോഷി, ജൂഡ് മാർട്ടിൻ എന്നിവരുമായി ഒരു മീറ്റിംഗ് നടത്തുകയും തുടർന്നുള്ള പ്രോജക്ടുകളെകുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

**STAFF MEETING:** 2024 ഏപ്രിൽ 01, 08 തീയതികളിൽ രാവിലെ 9:30ന് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി. NDS സ്റ്റാഫംഗങ്ങളായ ജൂഡ് മാർട്ടിൻ, ജോഷി, സി. സിജി CMC, ജിൻസി ജോയി എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. തലേ ആഴ്ച്ചയിലെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് വരുന്ന ആഴ്ച്ചകളിൽ നടപ്പിലാക്കേണ്ട വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**Internship & NGO Experience Training**

ചെന്നൈ ഡോൺബോസ്കോ തിയോളജിക്കൽ സെന്ററിൽ പഠിക്കുന്ന വൈദീക വിദ്യാർത്ഥി ബ്ര. ജോൺ കെന്നഡി ഫിലിപ്പ്, ബാംഗ്ളൂർ സെന്റ് ക്ലാരറ്റ് കോളേജിൽ ജേണലിസം പഠിക്കുന്ന നാജിയ സമ്റീൻ എന്നീ 2 വിദ്യാർത്ഥികൾ, അവരുടെ പഠനത്തിന്റെ ഭാഗമായുള്ള ഒരു മാസത്തെ Internship & NGO Experience Training NDS ൽ പൂർത്തിയാക്കി. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ, സിസ്റ്റർ സിജി CMC എന്നിവർ ഈ പരിശീലന പരിപാടികൾക്ക് നേതൃത്വം നല്കി. പരിശീലനത്തിന്റെ ഭാഗമായി ദേവാല, കരിയശോല പ്രദേശങ്ങൾ സന്ദർശിക്കുകയും

SAF പ്രോജക്ടിന്റെ ഗുണഭോക്താക്കളെ കണ്ടെത്തുകയും അവരുടെ വിവരശേഖരണം നടത്തുകയും ചെയ്തു. കൂടാതെ ബോസ്പാറ, കൽപ്ര, കയ്യൂന്നി യൂണിറ്റുകൾ സന്ദർശിച്ച് വിവിധ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ എടുക്കുകയും, യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു. നബാർഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കുന്ന ആടുവളർത്തൽ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുകയും പഠനം നടത്തുകയും ചെയ്തു.

ഈ ട്രയിനിംഗിന്റെ സമാപനം 15.04.2024 ന് NDS ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. വിദ്യാർത്ഥികൾ ഈ നാളുകളിൽ അവർക്ക് ലഭിച്ച പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ തയ്യാറാക്കി അവതരിപ്പിച്ചു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവർ അവർക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

**പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ & കരുണൈ ആംബുലൻസ് സർവീസ്**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി വർഷത്തിന്റെ ഭാഗമായി നടപ്പാക്കുന്ന നീലഗിരി റിജിയൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിന്റെയും, കരുണൈ ആംബുലൻസ് സർവീസിന്റെയും പ്രവർത്തനങ്ങൾക്ക് 16.03.2024 ന് പാട്ടവയൽ അമലാ ആശുപത്രിയിൽ തുടക്കം കുറിച്ചു.

**പ്രവർത്തനങ്ങൾ**

• 18.03.2024 ന് ദേവാലയിലുള്ള ഒരു രോഗിക്ക് Oxygen Concentrator എത്തിച്ചുകൊടുത്തു.

• കൊട്ടാട്, കുന്നലാടി, ചീരാൽ, കൈവെട്ട, ബത്തേരി, കൊളപ്പള്ളി ഭാഗങ്ങളിൽ ആംബുലൻസിന്റെ സേവനങ്ങൾ ലഭ്യമാക്കി.

• 23.03.2024 ന് അമലാ ആശുപത്രിയിൽനിന്നും പൈങ്കുളം ആശുപത്രിയിലേക്ക് ഒരു രോഗിയെ കൊണ്ടുപോയി

• 12.04.2024 ന് പെയിൻ & പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ പാട്ടവയൽ, കൽപ്ര പ്രദേശങ്ങളിൽ ആരംഭിച്ചു. ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ, സിസ്റ്റേഴ്സും, സി.വൈ.എം പ്രവർത്തകരും

കിടപ്പുരോഗികളായവരുടെ വീടുകൾ സന്ദർശിച്ച് അവരെ ശുശ്രൂഷിച്ചു.

• **Monthly Evaluation Meeting**

09.04.2024 ന് Monthly Evaluation Meeting പാട്ടവയൽ അമലാ ആശുപത്രിയിൽവെച്ച് നടത്തപ്പെട്ടു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, റീജിയണൽ വികാർ ഫാ. ബിജു പൊൻപാറയ്ക്കൽ, സി. ആനി ട്രീസ, സി. ജിസി മാനു, സി. മെർലിൻ എന്നിവർ സംബന്ധിച്ചു. ഈ മീറ്റിംഗിൽവെച്ച് പെയിൻ& പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ പാട്ടവയലിൽ ആരംഭിക്കുവാൻ തീരുമാനമായി. കഴിഞ്ഞ മാസത്തെ വരവു ചിലവു കണക്കുകൾ വായിച്ച് കമ്മറ്റി പാസാക്കി. എല്ലാ മാസവും ഇവാലുവേഷൻ മീറ്റിംഗ് നടത്തണമെന്നും, മാസത്തിൽ ഒരു ദിവസം അമലാ ആശുപത്രിയിൽവെച്ച് പാലിയേറ്റീവ് ഡേ നടത്തണമെന്നും മീറ്റിംഗിൽ തീരുമാനിച്ചു.

**Tharang Animation Services and Counselling Centre**

മാനന്തവാടി രൂപതാ സുവർണ്ണ ജൂബിലി മെമ്മോറിയൽ നീലഗിരി പാക്കേജിന്റെ ഭാഗമായി, 18.03.2024 ന് NDS ന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ച "Tharang Animation Services and Counselling Centre" ന്റെ നേതൃത്വത്തിൽ ഈ മാസം ആളുകൾക്കുള്ള കൗൺസിലിംഗും, ഫാമിലി കൗൺസിലിംഗും അതിന്റെ Follow up കളും നടത്തപ്പെട്ടു. ഇതിനുപുറമേ CYM നീലഗിരി മേഖലയും Bright Life Centre ഉം സംഘടിപ്പിച്ച Career Guidance -പ്രോഗ്രാമിൽ 26/03/2024 നു NDS ഓഡിറ്റോറിയത്തിലും 27/03/2024 ന് കയ്യുന്നി സ്കൂളിലും വച്ച് നടത്തിയ ക്ലാസിൽ ശ്രീ. ഷിബു കല്ലറക്കലും ശ്രുതി. കെ. മാർട്ടിനും ക്ലാസുകൾ നയിച്ചു. Enneagram Personality Test നടത്തി വിദ്യാർത്ഥികൾക്ക് അവരുടെ വ്യക്തിത്വത്തിന് ചേർന്ന തൊഴിൽ മേഖല പരിചയപെടുത്തി. 60 ഓളം കുട്ടികൾ ആണ് പ്രോഗ്രാമിൽ പങ്കെടുത്തത്.

18/04/2024 ന് NDS ന്റെ നേതൃത്വത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഹോം ഹെൽത്ത് എയ്ഡ് പ്രോഗ്രാമിൽ ശ്രുതി. കെ. മാർട്ടിൻ മാനസിക ആരോഗ്യം എന്ന വിഷയത്തിൽ ക്ലാസുകൾ നയിച്ചു.

**സമൃദ്ധ കുടുംബം പദ്ധതി - Phase II**

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളെയും, വിധവകളായവരുടെ കുടുംബങ്ങളെയും സാമ്പത്തികമായി ഉയർത്തുന്നതിന്റെ ഭാഗമായി മാനന്തവാടി രൂപതയുടെയും, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന സമൃദ്ധകുടുംബം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 25 അപേക്ഷകരിൽ 16 അംഗങ്ങളുടെ ഭവനങ്ങളിൽ 19.03.2024, 25.03.2024, 02.04.2024, 03.04.2024 തീയതികളിൽ നേരിട്ട് സന്ദർശനം നടത്തുകയും ആളുകളുമായി സംസാരിക്കുകയും പദ്ധതിയുടെ ലക്ഷ്യങ്ങളെക്കുറിച്ചും, പദ്ധതിയിലൂടെ നടപ്പിലാക്കേണ്ട വരുമാനവർദ്ധക മാർഗ്ഗങ്ങളെക്കുറിച്ചും അംഗങ്ങൾക്ക് വിശദീകരിച്ചുകൊടുത്തു. അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവ-സുസ്ഥിര മാനദണ്ഡപ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (FCH) ബന്ധപ്പെടാവുന്നതാണ്.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര - ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റേർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

ജൈവ ഉത്പ്പന്നങ്ങളായി വിപണനം നടത്തുന്നതിന് ഇന്ത്യൻ ഗവണ്മെന്റ് മാനദണ്ഡമായി നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ പ്രകാരമുള്ള സർട്ടിഫിക്കേഷൻ പുതുക്കൽ ഓഡിറ്റ് 18 ICS കളിൽ കൂടി പൂർത്തീകരിച്ചു. ഇതോടെ 2023 –24 വർഷത്തെ മുഴുവൻ കർഷക ഗ്രൂപ്പുകളുടെയും ഓഡിറ്റ് പൂർത്തീകരിക്കുവാൻ സാധിച്ചു.

ബയോവിൻ പ്രോസസ്സിംഗ് യൂണിറ്റ്, കഫേ, വൊഫ എന്നിവയുടെ ഓർഗാനിക് ഓഡിറ്റ് NPOP മാനദണ്ഡപ്രകാരം പൂർത്തീകരിച്ചു. പുതുക്കിയ സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തു. ബയോവിന്നിൽ സർട്ടിഫിക്കേഷൻ ഏജൻസിയായ ലാക്കോണിൽ നിന്നും ശ്രീമതി മനോഷി എസ്, ശ്രീ. വിൽസൺ എന്നിവരും, കഫേ വൊഫാ എന്നിവയിൽ സോക്കയിൽ നിന്നും ശ്രീ. ചേതൻ ഗതരാജ്, ശ്രീ. ദീപക് എന്നിവരും, ICSകൾക്കായി ഇസ്കോപ്പിൽ നിന്നും ശ്രീ. കിഷോർ, ശ്രീ. ധനേഷ് എന്നിവരും ഓഡിറ്റുകൾക്ക് നേതൃത്വം നൽകി.

**USDA-NOP ഓഡിറ്റ് പൂർത്തീകരിച്ചു**

ഉത്പന്നങ്ങൾ അമേരിക്ക - കാനഡ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനാവശ്യമായ USDA - NOP മാനദണ്ഡപ്രകാരമുള്ള ഓഡിറ്റ് ബയോവിൻ പ്രോസസ്സർ, കഫേ, വൊഫാ , ബയോ പനമരം, ബയോ തിരുനെല്ലി എന്നീ ICS കളിൽ പൂർത്തീകരിച്ചു. സർട്ടിഫിക്കേഷൻ ഏജൻസിയായ എക്കോസെർട്ടിൽ നിന്നും ശ്രീ. കിരൺ ഗൗഡ, ശ്രീ. മെൽവിൻ ഫ്രാൻസിസ് എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**കഫെ സംഭരണം**

മാർച്ച് മാസം കർഷകരിൽ നിന്നും 1356085 കിലോ ഉണക്ക കാപ്പി കിലോയ്ക്ക് 170 രൂപ നിരക്കിലും 6540 കിലോ പച്ച ഇഞ്ചി കിലോയ്ക്ക് 125 രൂപ നിരക്കിലും 9665 കിലോ പച്ച കുരുമുളക് കിലോയ്ക്ക് 170 രൂപ നിരക്കിലും 601 കിലോ പച്ച മഞ്ഞൾ കിലോയ്ക്ക് 25 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**ദുരന്തനിവാരണ ആലോചനാ യോഗം**

വരൾച്ച ലഘൂകരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ചും കാട്ടുതീ തടയുന്നതു സംബന്ധിച്ചുള്ളതുമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് മാർച്ച് 21 ന് കല്പറ്റ സിവിൽ സ്റ്റേഷനിൽ വെച്ച് നടത്തിയ യോഗത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു. വിവിധ ബോധവത്കരണ പരിപാടികളും പൊതുതാല്പര്യ പരസ്യങ്ങളും പ്രക്ഷേപണം ചെയ്തു.

**പാനൽ ചർച്ച**

18- ാമത് ലോക്സഭ ഇലക്ഷന്റെ ഭാഗമായി വയനാടിന്റെ വികസന സ്വപ്നങ്ങളേക്കുറിച്ചും സാധ്യതകളേക്കുറിച്ചും ചർച്ചയിൽ പങ്കുവെച്ചു. ഡോ. സുമ വിഷ്ണുദാസ്, പി സുരേഷ് ബാബു, ബാബു ഫിലിപ്പ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ഷാജൻ ജോസ് മോഡറേറ്ററായിരുന്നു.

**സന്ദർശനം**

കാഞ്ഞിരപ്പള്ളി അമൽ ജ്യോതി റേഡിയോ 90. എഫ്.എം ടീം അംഗങ്ങൾ ഏപ്രിൽ 03 ന് റേഡിയോ മാറ്റൊലി സന്ദർശിച്ചു. റേഡിയോ 90. എഫ്.എം ന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം മുതൽ നേതൃത്വം നൽകിയ റേഡിയോ മാറ്റൊലി അസി. ഡയറക്ടറായിരുന്ന ഫാ. ജസ്റ്റിൻ മാത്യുവിന്റെ യാത്രയയപ്പുമായി ബന്ധപ്പെട്ടായിരുന്നു സന്ദർശനം.

**ഇന്റേൺഷിപ്പ്**

കൈതപൊയിൽ ലിസാ കോളേജ് എം.സി.ജെ രണ്ടാം വർഷ വിദ്യാർത്ഥിനി അക്ഷയ, കണ്ണൂർ യൂണിവേഴ്സിറ്റി കോളേജ് എം.സി.ജെ രണ്ടാം വർഷ വിദ്യാർത്ഥികളായ അമൃത എം, നിദിഷ സി, കാവ്യ പ്രകീർത്ത് എന്നിവർ ഒരുമാസത്തെ ഇന്റേൺഷിപ്പിനു ജോയിൻ ചെയ്തു.

**മണ്ഡല പര്യടനം**

ലോക്സഭ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് മണ്ഡലപര്യടനം എന്ന പേരിൽ പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു. പരിപാടിയി

ലൂടെ കേരളത്തിലെ 20 ലോക്സഭ നിയോജക മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളേയും പരിചയപ്പെടുത്തുകയും അവലോകനം നടത്തുകയും ചെയ്തു.

**റെഡ് അലർട്ട്**

എടവക ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന റേസ് ടു നെറ്റ് സീറോ പദ്ധതിയുടെ ഭാഗമായി പ്രൊജക്ട് ഏറ്റെടുത്ത് ചെയ്യുന്ന ഇക്കോറ്റർ ജിയോ സ്റ്റാർട് അപ് ടീം പരിസ്ഥിതി സാക്ഷരതാ പ്രോഗ്രാമാണ് റെഡ് അലർട്. റേസ് ടു നെറ്റ് സീറോ പദ്ധതി എന്താണ് എന്നും അതിലൂടെ പരിസ്ഥിതിക്കും ജനങ്ങൾക്കും ലഭ്യമാകുന്ന നേട്ടങ്ങളേക്കുറിച്ചുമുള്ള അറിവുകൾ പങ്കുവെച്ചു.

**ഈസ്റ്റർദിന പ്രത്യേക സല്ലാപം**

ഈസ്റ്റർദിനത്തിൽ പ്രത്യേക സംഗീത സല്ലാപം അവതരിപ്പിച്ചു. പുൽപ്പള്ളി സ്വദേശിനി ജിൻസി ജിബിൻ പരിപാടിയിൽ പങ്കെടുത്തു.

**ശവ്വാൽ പൊലിവ്**

ചെറിയപെരുന്നാളിനോടനുബന്ധിച്ച് സിനിമാ നടൻ അബു സലീമുമായിട്ടുള്ള പ്രത്യേക അഭിമുഖം പ്രക്ഷേപണം ചെയ്തു.

**ശ്രോതാക്കളുടെ സഹയാത്രിക**

ഏപ്രിൽ 16 ന് ശബ്ദദിനത്തോടനുബന്ധിച്ച് കോഴിക്കോട് ആകാശവാണി സീനിയർ സ്റ്റാഫ് അനൗൺസർ ആയിരുന്ന വി. പ്രീതയുമായിട്ടുള്ള അഭിമുഖം പ്രക്ഷേപണം ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

**March – April 2024**

• **Dept. of English:** A workshop on Short Film Making was organized on 16th March 2024. Mr. Athul Raj (Cinematographer) was the resource person. In association with Literary Club, Book Talk Series, Talk 2 was organized on 25th March 2024.

• **Dept. of Computer Science:** A workshop on Research Methodo logy was organized on 26th March 2024 by the research department of Computer Science. Dr. Jisha T E, Head, Dept. of Computer Science was the resource person.

• **Dept. of Mathematics:** PhD open defense of the research scholar of Research department of Mathematics, Ms. Shiny Joseph was held on 20th March 2024.

• **Dept. of Zoology**: A seminar on Biodiversity in Western Ghats was organized on 25th March 2024. Ms. Sebasteena P F, Wildlife biologist was the resource person. A seminar on the topic unlocking the values of ideas: Intellectual Property Rights was held on 26th March 2024. Mr. M Abhijith, Microbiologist, School of Marine Sciences, CUSAT was the resource person.

• **Dept. of Social Science Economics:** A debate was organized on The Union Budget 2024-25: Unpacking the Budget 2024 on 26th March 2024.

• **Mr. Jerin George:** Published a –paper titled 'New Reports of Subfamily Oxytelinae from South India (Coleoptera: Staphylinidae)' in the Scopus Indexed Indian Journal of Entomology.

• **Retirement Announcement:** It is with mixed emotions that I announce my retirement as Principal of Mary Matha Arts and Science College, effective April 30, 2024. Since assuming this role on April 1, 2019, it has been an honour to serve this institution. I extend my heartfelt thanks to the management for their

unwavering support throughout my tenure.

**Acknowledgements:** I extend my sincere gratitude to the faculty, non-teaching staff, students, parents, and all stakeholders for their collaboration and dedication. The success of our institution is a collective effort, and I am grateful for the opportunity to have worked alongside such dedicated individuals.

**Preparations for Accreditation:** As we approach the 4$^{th}$ Cycle of Accreditation scheduled for May 9$^{th}$ and 10$^{th}$, 2024, I am pleased to report that we have undertaken extensive preparations to ensure a successful evaluation. Our entire college community has meticulously reviewed all aspects of our operations, addressing any areas requiring improvement and ensuring compliance with accreditation standards.

**Wish for Success:**

Mary Matha Arts and Science College, Mananthavady is well-prepared for the accreditation process. I extend my best wishes to the entire college community for a successful evaluation. May our collective efforts and commitment to excellence continue to elevate our institution. In conclusion, I am immensely proud of the accomplishments we have achieved together during my tenure as Principal. As I prepare to pass the baton to my successor, I am filled with optimism for the future of Mary Matha Arts and Science College.

Thank you once again for the privilege of serving as your Principal.

Warm regards,

**Dr. Maria Martin Joseph**
Principal

## എൽ. പി വിഭാഗം

### I ദേവമാതാ എ. എൽ. പി സ്കൂൾ ആടിക്കൊല്ലി

പുൽപ്പള്ളി പഞ്ചായത്ത് സംഘടിപ്പിച്ച വിനോദയാത്രയിൽ വിദ്യാലയത്തിലെ ഗോത്രവിഭാഗം വിദ്യാർത്ഥികൾ പങ്കെടുത്തു. വിദ്യാർത്ഥികളെ വിദ്യാലയത്തിലെത്തിക്കുന്ന വാഹനങ്ങളുടെ ഡ്രൈവർമാരെ ആദരിച്ചു. മധുരം മലയാളം പരിപാടിയുടെ ഭാഗമായി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു.

### II സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല

പഠനമികവുകളുടെ അവതരണവും പ്രദർശനവുമായി നടത്തിയ പഠനോത്സവം വ്യത്യസ്തമായിരുന്നു. വിദ്യാലയത്തിന്റെ അടുത്ത പ്രദേശങ്ങളിലെ അംഗൻവാടികളിൽ നിന്നായി എത്തിച്ചേർന്ന 75 വിദ്യാർത്ഥികളും അവരുടെ അധ്യാപകരും ചേർന്ന് പഠനോത്സവം ഗംഭീരമാക്കി. അഡ്മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഗൃഹസന്ദർശനം നടത്തി. കുഞ്ഞുവായനയ്ക്ക് അവധിയില്ല എന്ന പേരിൽ വിദ്യാർത്ഥികൾക്കായി മധുരം മലയാളം പരിപാടി ആരംഭിച്ചു.

### III എ. എൽ. പി സ്കൂൾ കണിയാരം

വിദ്യാർത്ഥികൾക്കായി മധുരം മലയാളം പരിപാടി ആരംഭിച്ചു. നാലാം ക്ലാസ് വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് നൽകി. മധുരം മലയാളം വായന ചങ്ങാത്തം പരിപാടിക്ക് തുടക്കമായി.

### IV സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ

ഒരു വർഷത്തെ പഠനമികവുകളുടെ പ്രദർശനവും പ്രകടനവുമായി പഠനോത്സവം സംഘടിപ്പിച്ചു. നാലാം ക്ലാസ് വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് നൽകി.

### V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ വാഴവറ്റ

അക്ഷരകിരണം എന്ന പേരിൽ കുട്ടികളിൽ അക്ഷരം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു. ഗൃഹസന്ദർശനം

നടത്തി കുട്ടികളുടെ അവധിക്കാല പ്രവർത്തനങ്ങൾ വിലയിരുത്തി.

### VI സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ ഏലപ്പീടിക

പഠനോത്സവം സംഘടിപ്പിച്ചു. നാലാം ക്ലാസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. വിദ്യാർത്ഥികൾക്കായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചു.

### VII പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി

വാർഷിക പി.ടി.എ ജനറൽബോഡി യോഗം ചേർന്നു. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. വേനലവധിക്ക് മുന്നോടിയായി വിദ്യാലയവും പരിസരവും ശുചീകരിച്ചു.

### VIII സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടംകുന്ന്

കുഞ്ഞുവായനയ്ക്ക് അവധിയില്ല എന്ന പേരിൽ മലയാള മധുരം പ്രവർത്തനങ്ങൾ നടന്നുവരുന്നു.

### IX സെന്റ് മാർട്ടിൻസ് എൽ. പി സ്കൂൾ ഒണ്ടയങ്ങാടി

വിദ്യാർത്ഥികളുടെ അവധിക്കാല വായനയെ പ്രോത്സാഹിപ്പിക്കാനായി മധുരം മലയാളം പ്രവർത്തനം ആരംഭിച്ചു. വായനയുടെ അടിസ്ഥാനത്തിൽ ഓരോ ആഴ്ചയും വ്യത്യസ്ത പ്രവർത്തനങ്ങൾ നടന്നുവരുന്നു.

### X നിർമല എൽ. പി സ്കൂൾ ആലാറ്റിൽ

മധുരം മലയാളം പരിപാടിയുടെ ഭാഗമായി പുസ്തകങ്ങൾ വിതരണം ചെയ്യുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം കുട്ടികൾക്ക് നിർദേശം നൽകി. കോളനി സന്ദർശിച്ചു രക്ഷിതാക്കൾക്ക് ബോധവത്കരണം നടത്തി.

### XI സെന്റ് ജോർജ്ജ് എൽ. പി സ്കൂൾ അമ്പായത്തോട്

പഠനോത്സവം സംഘടിപ്പിച്ചു. മെഗാ ക്വിസ് വിജയികളെ ആദരിച്ചു. അവധിക്കാല വായനയെ പ്രോത്സാഹിപ്പിക്കാനായി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു.

## യു. പി വിഭാഗം

### I സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ

വിദ്യാലയവർഷികം ഗംഭീരമായി ആഘോഷിച്ചു. അധ്യാപ

കരുടെയും രക്ഷിതാക്കളുടെയും കൂട്ടായ പരിശ്രമം വാർഷികത്തെ മികവുറ്റതാക്കി.

### II സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ

വാർഷിക പരീക്ഷ സുഗമമായി നടത്തപ്പെട്ടു. ദിവസവേതന അധ്യാപകർക്ക് യാത്രയയപ്പ് നൽകി. അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു.

### III അസംപ്ഷൻ എ. യു. പി സ്കൂൾ ബത്തേരി

ജില്ലാതല ശാസ്ത്രോത്സവത്തിൽ സാമൂഹ്യശാസ്ത്രവിഭാഗത്തിൽ വിജയം നേടി. നല്ലപാഠം ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്ന ഭവനനിർമ്മാണം പൂർത്തിയായി വരുന്നു.

### IV സെന്റ് തോമസ് എ. യു. പി സ്കൂൾ മുള്ളൻകൊല്ലി

വിദ്യാലയത്തിൽനിന്നും ഉന്നത പഠനത്തിനായി പോകുന്ന ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. വാർഷിക പരീക്ഷകൾ സുഗമമായി നടത്തപ്പെട്ടു.

### V അമ്പായത്തോട് യു. പി സ്കൂൾ

നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ A ഗ്രേഡ് കരസ്ഥമാക്കി. അടുത്ത അധ്യയനവർഷത്തെ അഡ്മിഷനുമായി ബന്ധപ്പെട്ട് ഭവനസന്ദർശനം ആരംഭിച്ചു.

### VI സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ

വിദ്യാർത്ഥികൾക്കായി ഓൺലൈൻ വായനോത്സവവും പുസ്തക വായന അനുഭവ അവതരണവും നടത്തി. നല്ല പാഠം പ്രവർത്തനങ്ങൾക്ക് A ഗ്രേഡ് കരസ്ഥമാക്കി. പഠനോത്സവം സംഘടിപ്പിക്കപ്പെട്ടു. മധുരം മലയാളം പുസ്തകം വിതരണം നടത്തി.

### VII സെന്റ് ജോസഫ്സ് യു. പി സ്കൂൾ കല്ലോടി

അഡ്മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി. അവധിക്കാല പ്രവർത്തനങ്ങളുടെ ഭാഗമായി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു. അക്കാദമിക അനക്കാദമിക മേഖലകളിൽ മികവ് തെളിയിച്ച വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ശുചിത്വത്തിൽ മികവ് പുലർത്തിയ ക്ലാസ് ഡിവിഷനുകൾക്കും മികച്ച ഭാഷാനിലവാരമുള്ള നോട്ടുപുസ്തകങ്ങൾക്കുടമകളായ വിദ്യാർത്ഥികൾക്കും സമ്മാനങ്ങൾ നൽകി.

**VIII സെന്റ് മേരീസ് എ. യു. പി സ്കൂൾ തരിയോട്**

ഇംഗ്ലീഷ് ദിനാഘോഷവുമായി ബന്ധപ്പെട്ട് നടത്തിയ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളുടെയും ഭവനസന്ദർശനം ആരംഭിച്ചു. കുഞ്ഞുവായനയ്ക്ക് അവധിയില്ല എന്ന പേരിൽ വിദ്യാർത്ഥികൾക്കായി മധുരം മലയാളം പരിപാടി ആരംഭിച്ചു. അടുത്ത അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചു.

**IX സെന്റ് സെബാസ്ററ്യൻസ് യു. പി സ്കൂൾ പാടിച്ചിറ**

ഒന്ന് രണ്ട് ക്ലാസ്സുകളിലെ കുട്ടികളുടെ വായനയെ പരിപോഷിപ്പിക്കുന്നതിനായി മധുരം മലയാളം പരിപാടിക്ക് തുടക്കം കുറിച്ചു. കോളനികളിലുൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു.

**X എ. യു. പി സ്കൂൾ ദ്വാരക**

കുഞ്ഞുവായനയ്ക്ക് അവധിയില്ല എന്ന പേരിൽ വിദ്യാർത്ഥികൾക്കായി മധുരം മലയാളം പരിപാടി ആരംഭിച്ചു. തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. പാനമികവ് അവതരണവും പ്രദർശനവുമായി പാനോത്സവം സംഘടിപ്പിച്ചു.

**XI സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ കൊമ്മയാട്**

വിദ്യാലയവാർഷികം സമുചിതമായി ആഘോഷിച്ച പ്ലാറ്റിനം ജൂബിലി പ്രകാശനം നിർവഹിച്ചു. നല്ല പാഠം പ്രവർത്തനങ്ങൾക്ക് A ഗ്രേഡ് ലഭിച്ചു. വ്യത്യസ്തമായ പരിപാടികളോടെ പഠനോത്സവം ആഘോഷിച്ചു.

**XII സെന്റ് മേരീസ് യു. പി സ്കൂൾ കബനിഗിരി**

പുതിയ അധ്യയനവർഷത്തെ നൂതന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ഗൃഹസന്ദർശനം നടത്തുകയും ചെയ്തു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

സംസ്ഥാന കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പിൽ മികച്ച നേട്ടം കൈവരിച്ചു. ഔദ്യോഗികസേവനം പൂർത്തിയാക്കി വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പ് നൽകി. STEPS എക്സാം ജില്ലാതലത്തിലേക്ക് അർഹത നേടി. അണ്ടർ 16 വയനാട് ജില്ലാ ക്രിക്കറ്റ്

ടീമിലേക്ക് എട്ടാം ക്ലാസ് വിദ്യാർത്ഥി തിരഞ്ഞെടുക്കപ്പെട്ടു.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

SSLC സഹവാസ ക്യാമ്പ് വിജയകരമായി പൂർത്തീകരിച്ചു. പഠനോത്സവം മനോഹരമായി സംഘടിപ്പിച്ചു. അടുത്ത അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചു.

**II അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

'ഇംഗ്ലീഷ് ഫെസ്റ്റ്' കൈയെഴുത്തു മാസിക പ്രകാശനം ചെയ്തു. വിദ്യാർത്ഥികൾ SSLC പരീക്ഷ ആത്മവിശ്വാസത്തോടെ എഴുതി റിസൾട്ടിനായി കാത്തിരിക്കുന്നു.

**IV സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും വീടുകൾ സന്ദർശിച്ചു. പ്രാദേശിക PTA സമാപന സമ്മേളനം നടത്തി.

**V ഐ. ജെ. എം ഹൈസ്കൂൾ കൊട്ടിയൂർ**

വിദ്യാലയത്തിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് നടന്നു. വിദ്യാർത്ഥികൾക്കായി അവധിക്കാല കായിക പരിശീലനങ്ങൾ നടന്നുവരുന്നു.

**VI ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

SSLC പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വേണ്ട കാര്യങ്ങൾ സംഘടിപ്പിച്ചു. അടുത്ത അധ്യയനവർഷത്തെ അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. സ്കൂൾ വികസന പ്രവർത്തനങ്ങളെക്കുറിച്ചുള്ള ആലോചനകൾക്കായി യോഗം ചേരുകയും വിവിധ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

വിദ്യാലയത്തിന്റെ ക്യാമ്പസ് നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. NSS, SCOUT ഗൈഡ് യൂണിറ്റുകൾ സംയുക്തമായി വിദ്യാലയത്തിന് പുതിയ ഗെയിറ്റും നെയിം ബോർഡും നിർമിച്ചു നൽകി. സർവീസിൽനിന്നും വിരമിച്ച പ്രധാനാധ്യാപകന് ഉചിതമായ യാത്രയയപ്പ് നൽകി.

**II സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

വിദ്യാലയത്തിൽനിന്നും ഔദ്യോഗികസേവനം പൂർത്തി

യാക്കി വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പ് നൽകി. വിദ്യാലയത്തിന്റെ സിൽവർജൂബിലി ആഘോഷങ്ങളുടെ പ്രാരംഭ ആരംഭിച്ചു. ദീപികയുടെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് ക്ലാസ് സംഘടിപ്പിച്ചു.

**III സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

വിദ്യാർത്ഥികൾക്കായി ഉണർവിലൂടെ ഉയർച്ചയിലേയ്ക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. അവധിക്കാല ഇന്റൻസീവ് കോച്ചിങ് ആരംഭിച്ചു.സ്കൂൾ ഓഫീസ് നവീകരിക്കുകയും ഓഡിറ്റോറിയം നിർമാണം അവസാന ഘട്ടത്തിലെത്തുകയും ചെയ്തു. പ്ലാസ്റ്റിക് വിമുക്ത ശുചീകരണം നടത്തി. ലഹരിവിരുദ്ധ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു.

2023 – 24 അധ്യയനവർഷം സമാപിക്കുമ്പോൾ നമ്മുടെ കൂട്ടായ്മയിൽനിന്നും ഔദ്യോഗികമായി വിരമിക്കുന്ന എല്ലാ അധ്യാപക അനധ്യാപകർക്കും നാളിതുവരെയുള്ള ആത്മാർത്ഥ സേവനങ്ങൾക്ക് കൃതജ്ഞത നേരുന്നതോടൊപ്പം മുൻപോട്ടുള്ള ജീവിതയാത്ര മനോഹരമായി പൂർത്തിയാക്കാൻ പ്രാർത്ഥനാമംഗളങ്ങൾ നേരുകയും ചെയ്യുന്നു.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



**May 2024**

*01 Wednesday:..... Cathedral:  Diocesan Day*

*04 Saturday:......... Kayyunni: First Communion*

*05 Sunday:............ Kaniyambetta: Parish Jubilee Conclusion*

*06 Monday:........... Morning: Vestition of Major Seminarians*

*09 Thursday:......... NAAC Team Visit to Mary Matha College*

*10 Friday:............. Bishop's House: Meeting with priests to be transferred*

*11 Saturday:......... Dwaraka: Sadgamaya*

*12  Sunday:........... Bekki: First Communion*

*13 Monday:.......... Minor Seminary Interview*

*16 Thursday:..........Kodenchery*

*17 Friday:............. Pravasi Office Bearers' Meeting*

*18 Saturday:......... Vincentgiri: Final Profession and Jubilee*

*19 Sunday:............ Transfer of priests*

*25 Saturday:......... Valavayal: Shandthidhara: Seminar*

*26 Sunday:............ Pookkottumpadam : First Communion*

*28 Tuesday:........... Koompanpara (Diocese of Idukki)*

*29 Wed -31 Friday: Engaged*

# *Auxiliary Bishop's Programme*



**May 2024**

*04 Saturday:........... Morning: Puzhamudi: First Communion*

*: Evening: Kaniyaram Nazrathkunnu Chapel: Festal Mass*

*05 Sunday:.............. Adackathode: First Communion*

*07 Tuesday:..............Nadavayal: Jubilee of CMC Sisters*

*08 Wednesday:.........SABS Cenacle, Aluva: Holy Mass & Inauguration of Theology Course*

*09 Thursday:.......... Bathery: Jubilee of MSMI Sisters*

*10 Friday:............... Gudallur: Convocation*

*11 Saturday:............Kavummannam: Holy Mass and House Blessing*

*:Dwaraka: Sadgamaya*

*12 Sunday:.............. Irulam: Holy Mass*

*19 Sunday:.............. Thavinjal: First Communion*

*22 Wednesday:....... Thariode: Baptism*

*23 Thursday:.......... Dwaraka: AKCC Meeting*

*25 Saturday:........... Dwaraka: Vincent De Paul Anniversary*

*27 Monday:............ Kaniyaram ALP School: Laying of foundation stone*

*28 Tuesday:............ Bathery: Talk for MSMI Sisters*

# Catholic Diocese of Mananthavdy

## Golden Jubilee Project

Healing Hands

# TAS

THARANG ANIMATION SERVICES
COUNSELLING | TRAINING | GUIDANCE

# PSYCHOLOGICAL WELLNESS & TRAINING CENTRE, GUDALUR

Udhyam Reg. No : TN -15-0017444

## SERVICES OFFERED

**Psychological Wellness**

* Psychological Counselling
* Mind Healing Techniques
* Inner Child Healing
* Abuse Awareness
* Teenage Assistance
* Pshychometric Testing
* Personality Development
* Inhibition Exercises

**Workshops**

* Enneagram
* Transactional Analysis (TA)
* Vision Board & Goal Setting
* Leadership Training
* Self Esteem
* Anger Management
* Career Guidance
* Trainers & Teacher Training
* Neuro Linguistic Programming (NLP)

**Spiritual Guidance**

* Spiritual Counselling
* Vacation Camps
* Sunday Shool Camps
* Christeen Retreat
* Summer Camps
* Game Camps

An Initiative of

**NILGIRIS DEVELOPMENT SOCIETY (NDS)**

Church Hills, Athikarivayal, Gudalur, The Nilgiris

Website : www.ndsgudalur.org | email : tasgudalur@gmail.com, ndsgudalur2008@gmail.com

Contact : 6374108118, 9047347696

Scan QR for Location